വിദ്യാഭിവർദ്ധിനി.

“വിദ്യാധനം സർവ്വധനാൽ പ്രധാനം.”

പു: 15. | 109 മേടം. | ലക്കം 2.

വിവാഹം.

ചില പൊതുപ്രസ്താവനകൾ.

(കണ്ടറ, പി. കെ. കോശി.)

സ്രഷ്ടാവു് സർവ്വത്തെയും സൃഷ്ടിച്ചശേഷം 'സന്താനപുഷ്ടിയുള്ളവരായി, പെരുകി, ഭൂമിയിൽ നിറവിൻ' എന്നു് അനുഗ്രഹത്തോടുകൂടി മനുഷ്യരേയും സൃഷ്ടിച്ചു എന്നാണു് പറയപ്പെട്ടിട്ടുള്ളതു്. വെറും ഇച്ഛാശക്തി ഒന്നുകൊണ്ടുമാത്രം ഒരു നിമിഷത്തിനുള്ളിൽ ഭൂമി മുഴുവൻ സ്ത്രീപുരുഷന്മാരെക്കൊണ്ടു നിറയ്ക്കാമായിരുന്നിട്ടും അതിനുദ്യമിക്കാതെ ലോകനിലനില്പിനുവേണ്ടിയുള്ള മഹനീയവും അതിശയനീയവുമായ ഉൽപ്പാദകശക്തികൂടി മനുഷ്യനിൽ ദൈവം സംസ്ഥാപിച്ചിട്ടുള്ളതായിട്ടാണു് കാണുന്നതു്. ആകയാൽ ലോകാഭിവൃദ്ധിക്കുവേണ്ടി ദൈവദത്തമായ ഈ ശക്തിവിശേഷത്തെ ദുരുപയോഗപ്പെടുത്തുന്നതു് പാപമാണെന്നു് ഏവർക്കും മനസ്സിലാക്കുവാൻ കഴിയുന്നതേയുള്ളൂ.

ഒരുവനു്, 17, 18 വയസ്സു പ്രായമാകുമ്പോഴേക്കു് അവന്റെ ബീജത്തിനു് ഉൽപ്പാദകശക്തി സിദ്ധിക്കുന്നു. ഈ പ്രായമാണു് യൗവനാരംഭകാലം. യൗവനാരംഭത്തോടുകൂടി എല്ലാ അവയവങ്ങൾക്കും

ശക്തി കൂടുകയും അവ അതാതിന്റെ പ്രവൃത്തിചെയ്യുവാൻ പ്രാപ്തങ്ങളായി ഭവിക്കുകയും ചെയ്യുന്നു. മുഖം, കക്ഷം, വസ്തിപ്രദേശം എന്നീ സ്ഥാനങ്ങളിൽ രോമം വളൎന്നുതുടങ്ങുന്ന കാലം ഇതാണു്. വൃഷണങ്ങൾക്കു വലുപ്പം കൂടുകയും അവ സന്താനോൽപ്പാദനത്തിന്നു ശക്തിയുള്ള ബീജങ്ങളെ ജനിപ്പിക്കുവാൻ ശക്തങ്ങളായി ഭവിക്കുകയും ചെയ്യുന്നു. അതോടുകൂടി മൈഥുനോത്സാഹം വൎദ്ധിക്കുന്നുണ്ടു്. ഈ കാലഘട്ടത്തിൽ യുവാക്കന്മാരുടെ അഗ്രഹം ശരിയായവിധത്തിൽ പൂൎത്തിയാക്കുവാൻ സാധിക്കാതെ വരുമ്പോഴാണു് അവർ ക്രമവിരുദ്ധങ്ങളായ ദുൎമ്മാൎഗ്ഗങ്ങളിൽ ഏൎപ്പെടുന്നതിനു നിർബ്ബന്ധിതരായിത്തീരുന്നതു്. അതിനാൽ ബാല്യകാലത്തു് നൈഷ്ഠികമായ ബ്രഹ്മചൎയ്യവ്രതത്തെ ശരിയായി പരിപാലിച്ചശേഷം, യൗവനകാലത്തു് ഗൃഹസ്ഥാശ്രമധൎമ്മിയായി് കാലം നയിക്കുന്നതാണു് ഏററവും യുക്തമായിരിക്കുന്നതു്. യൗവനകാലത്തിനുശേഷം മൈഥുനാവയവങ്ങൾ സന്തത്യുൽപാദനത്തിനു ശക്തങ്ങളായിഭവിക്കുന്നുവെന്നുവരികിലും അവയെ അക്കാലത്തു പ്രയോഗിക്കണമെന്നില്ല; പ്രയോഗിക്കുന്നതു നല്ലതുമല്ല. പുരുഷൻ യൌവനദശയെ പ്രാപിക്കുന്ന ആദ്യഘട്ടത്തിലെ ബീജത്തിനു് പൂൎണ്ണയൌവനത്തിലേതിന്റെ ശക്തിയെ അപേക്ഷിച്ചു തുലോം കുറവായ ശക്തിമാത്രമുള്ളതിനാൽ ആരോഗ്യദൃഢഗാത്രരായ ശിശുക്കളെ ഉൽപ്പാദിപ്പിക്കാൻ അവയ്ക്കു സാധിക്കുന്നില്ല. അതുപോലെതന്നെ സ്ത്രീകളുടെ ഗർഭാശയത്തിനു ഗർഭധാരണത്തിനുപയുക്തമായ ബലവും യൌവനാരംഭകാലത്തുണ്ടായിരിക്കുകയില്ല. അതിനാൽആരോഗ്യപൂൎണ്ണമായി വളരുന്ന ഒരുവന്റെ വൈവാഹികകാലം, 21-ഠ 25-ഠ വയസ്സുകൾക്കു മദ്ധ്യേയും, സ്ത്രീക്കു് 18-ഠ 21-ഠ വയസ്സുകൾക്കു മദ്ധ്യേയും ആകുന്നു എന്നു വിദ്വാന്മാർ അറിയുന്നു.

പുരുഷനു് 20-ഠ സ്ത്രീക്കു 16-ഠ വയസ്സു പൂൎത്തിയായാൽ അവർ വിവാഹത്തിനു് ഉചിതരായി എന്നാണു് ബാഹടാചാൎയ്യമതം. പുരുഷനു് 20 വയസ്സു പ്രായമാകുമ്പോൾ അയാളുടെ സർവ്വാംഗങ്ങൾക്കും സ്ഫുടതയും ബീജത്തിന്നു് ഉൽപാദകശക്തിയും ശുദ്ധിയും അതുപോലെതന്നെ സ്ത്രീകൾക്കു് 16 വയസ്സാകുമ്പോൾ ഗർഭാശയവ്യാപ്തിയും, ആൎത്തവശുദ്ധിയും, ബീജഗ്രഹണപടുതയും വന്നുകൂടുന്നതിനാൽ ഇരുകൂട്ടൎക്കും മുൻപറഞ്ഞ കാലഘട്ടം വിവാഹബന്ധത്തിനു പററിയതാണു്. ആ കാലങ്ങളിൽ സ്ത്രീപുരുഷന്മാർ വിവാഹംചെയ്യാതിരിക്കുന്നതു് അപൽക്കരവും കഷ്ടതരവും കൂടിയാകുന്നു.

യൗവ്വനാരംഭത്തോടുകൂടി സർവ്വാവയവങ്ങൾക്കും വളൎച്ചയും ശക്തിയും വന്നുകൂടുന്നതു കൂടാതെ അവയ്ക്കു് വികാരശക്തി വൎദ്ധിക്കുക

യും അവ അതാതിന്റെ ജോലികളെ ചെയ്‌വാൻ സന്നദ്ധങ്ങളായി ഭവിക്കുകയും ചെയ്യുന്നുവെന്നു മുൻപ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ കാലത്തു സ്ത്രീപുരുഷന്മാരുടെ വികാരഗതിക്ക് ശരിയായ മാർഗ്ഗം കാണിച്ചുകൊടുക്കുവാൻ സാധിക്കാതെവരുമ്പോഴാണ് ക്രമവിരുദ്ധവും ദോഷഭൂയിഷ്ഠവുമായ വിക്രിയകളിൽ ഏർപ്പെടുന്നതും അതിന്റെ ഫലമായി അത്യാപത്തിൽ പതിക്കുന്നതും. അതിനാൽ വിവാഹത്തിനനുയോജ്യമായ കാലത്തിൽ, വിവാഹബന്ധത്തിൽഏർപ്പെട്ടുകൊള്ളുകതന്നെയാണ് ബുദ്ധിപൂർവ്വകമായിട്ടുള്ളത്. മനുഷ്യവർഗ്ഗത്തിന്റെ സൗഭാഗ്യവും സന്തോഷവും വിവാഹബന്ധത്തെ ആശ്രയിച്ചുതന്നെ ഇരിക്കുന്നു. സ്ത്രീപുരുഷന്മാരുടെ പരസ്പരാനുരാഗത്തോടും പൂർണ്ണതൃപ്തിയോടുംകൂടിയുള്ള വിവാഹബന്ധം മാത്രമെ, സുഖസന്തോഷസന്ദായകമായിരിക്കുകയുള്ളു.

പ്രായപൂർത്തിക്കുമുമ്പ് പെൺകുട്ടികളെ വിവാഹംചെയ്യിക്കുന്നതും യോഗ്യമല്ല. ബാല്യവിവാഹംകൊണ്ട് പെൺകുട്ടികളുടെ മനസ്സ് പുരുഷന്മാരിലും വിവാഹോത്സവസുഖങ്ങളിലും പ്രവേശിക്കുന്നതിനാൽ അവർ വേഗത്തിൽ പുഷ്പിതകളായിത്തീരുമെന്നും അങ്ങനെ ചെയ്യാതിരുന്നാൽ 12 വയസ്സിനുശേഷമേ, ഋതുവാകയുള്ളുവെന്നും ആയുർവ്വേദത്തിൽ വിധിച്ചിട്ടുണ്ട്. ബാല്യപ്രായത്തിൽ ശരീരം മൃദുവും അശക്തവും ആയിട്ടാണ് ഇരിക്കുന്നതു്. ഇക്കാലത്തു വിവാഹംചെയ്യിക്കപ്പെടുന്നതായാൽ ആ ദമ്പതികൾ ദുർബ്ബലരും അതുരരുമായിത്തീരാനാണെളുപ്പം. അവരിൽനിന്ന് ജാതരാകുന്ന സന്താനങ്ങളാകട്ടേ, അശക്തരും അധന്യരും അല്പായുസ്സുകളുമായിരിക്കും. ആകയാൽ സ്ത്രീകൾക്ക് 16-ം പുരുഷന്മാർക്ക് 20-ം വയസ്സു പ്രായമാകുന്നതിനു മുൻപുള്ള വിവാഹം അവിഹിതംതന്നെയാകുന്നു.

ധർമ്മശാസ്ത്രങ്ങളിൽ സ്ത്രീകൾക്ക് പ്രായമായതിനു ശേഷമേ വിവാഹം വിധിച്ചിട്ടുള്ളു. പ്രായമായി പൂർണ്ണ അറിവോടുകൂടിയും, സകല അംഗങ്ങൾക്കും പരിപുഷ്ടിവന്നതിനു ശേഷവും സ്ത്രീകൾക്ക് കല്യാണം മംഗളമായി നടത്തണമെന്നു വേദവിധിയുണ്ടത്രെ. ഇതിനു വിപരീതമായി എട്ടോ പത്തോ വയസ്സിനകം, അവരെ കല്യാണംചെയ്യിക്കണമെന്നുള്ള വിധി നാട്ടിനെ നശിപ്പിക്കുന്ന ദുരാചാരമായി മാത്രമേ ഗണിക്കേണ്ടതുള്ളു.

സ്ത്രീകൾ പ്രായമായാലുടൻ വിവാഹം ചെയ്യിച്ചില്ലെങ്കിൽ, ദുർവൃത്തകളായിപ്പോകാനിടയുണ്ടെന്നു പറയുന്നതു് വെറും ഭോഷത്വമാകുന്നു. 'യഥാരാജാ തഥാപ്രജാ.' മാതാപിതാക്കന്മാരുടെ ആചാരവൈപരീത്യങ്ങളാലും ശിക്ഷണവൈകല്യംകൊണ്ടും കുട്ടികളും ദുഷിച്ചുപോകാമെന്നല്ലാതെ, പ്രകൃത്യാ ദുർവൃത്തകളാകാൻ ഒരുപ്രകാരത്തിലും ഇടയുള്ളതല്ല. സ്ത്രീകൾ ഋതുവായതിനുശേഷം ഒന്നോ രണ്ടോ വർഷംകൂടി അവിവാഹിതകളായി നിൽക്കുന്നപക്ഷം അവരുടെ സകല അവയവങ്ങൾക്കും സംപുഷ്ടിയുണ്ടാകുമെന്നു മാത്രമല്ല, അവരിൽനിന്നു് സംജാതമാകുന്ന സന്താനങ്ങൾ അരോഗദൃഢഗാത്രരായിത്തീരുകകൂടി ചെയ്യുന്നതാണു്. അകാലവിവാഹംകൊണ്ടു് പുരുഷന്മാർക്കു് കഷണ്ടി, കാഴ്ചക്കുറവു്, നര മുതലായവയും സ്ത്രീകൾക്കു് അസ്ഥിസ്രാവം മുതലായവയും ആയ അനേകം ഭയങ്കരവ്യാധികൾ പിടിപെട്ടു നപുംസകരായി ഭവിച്ചേക്കാവുന്നതുകൂടെയാണു്.

ആയതിനാൽ ബാല്യവിവാഹം ഒരുപ്രകാരത്തിലും സ്വീകാര്യമല്ല. ചില മാതാപിതാക്കന്മാർ ജീവിച്ചിരിക്കുമ്പോൾതന്നെ തങ്ങളുടെ കുട്ടികളെ വിവാഹംചെയ്യിച്ചുകണ്ടു സന്തോഷിക്കണമെന്നു് ആഗ്രഹിക്കുന്നു. ചിലർ, ഒരു വിവാഹത്തോടുകൂടി മറെറാന്നും നടത്തി ചെലവു ചുരുക്കാൻ നോക്കുന്നു. കുട്ടിയെ "കുട്ടിഅയച്ചാൽ" പിന്നെ നിർവിചാരരായി സസുഖം കഴിഞ്ഞുകൂടാമെന്നു വേറെ ചിലർ കാംക്ഷിക്കുന്നു. മററുചിലരാകട്ടെ, കുട്ടികൾക്കു വിവാഹം ചെറുപ്പത്തിൽതന്നെ നടത്തിയില്ലെങ്കിൽ ദുഷിച്ചുപോകുമെന്നു ശങ്കിക്കുന്നു. അന്യർ ചിലർ, പ്രായമാകുമ്പോൾ വരനെ ലഭിച്ചില്ലെങ്കിൽ തങ്ങളുടെ യശസ്സിനു ഹാനിനേരിടുമെന്നുകരുതുന്നു. ഈ ആശങ്കകളെല്ലാം വെറും മൗഢ്യങ്ങളെന്നല്ലാതെന്തുപറയട്ടെ. താന്താങ്ങളുടെ സ്വന്ത സുഖസൗകര്യങ്ങളെമാത്രം കാംക്ഷിച്ചു് താന്താങ്ങളുടെ മക്കളെ പാതാളക്കൂപത്തിൽ താഴ്ത്തുന്നതു്, അവരുടെ അഭിവൃദ്ധിയെ അകാലബാന്ധവംമൂലം ബാധിക്കുന്നതു് എത്ര മൌഢ്യം! എന്തു ദുരിതം!! ആകയാൽ തങ്ങളുടെ സന്താനങ്ങൾക്കു് പ്രായപൂർത്തിവന്നാൽ, മനോഹരമായ സംബന്ധംമൂലം അവരുടെ ജീവിതഗതിയെ പരിപാവനവും സുഖസന്ദായകവുമാക്കിത്തീർക്കുന്ന വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

മുകുളഗീതം.

(K. K. V. N.)

(കാകളി.)

കണ്ണിമയ്ക്കാതതിക്രൂരമായ് നോക്കട്ടെ
വിണ്ണിൽനിന്നെന്നെയത്താരകാരാജികൾ
മിന്നൽപിണരാം കരവാളിളക്കിയെൻ
മുന്നിൽകയർക്കട്ടെ കാളമേഘാളികൾ,
കാററുൽക്കടാടോപമെന്നെച്ചുഴററട്ടെ,
പൊട്ടിച്ചെറിയട്ടെ മത്തമതംഗജം,
ഉന്മത്തഭൃംഗങ്ങൾ മത്തടിക്കട്ടെ,യെൻ-
ധൎമ്മത്തിൽനിന്നും വ്യതിചലിക്കില്ലഞാൻ!
മന്മനോദൈവതമെന്നെപ്പിരിഞ്ഞവാ-
റെന്മിഴിയശ്രു കലുഷമായ്ക്കാൺകയാൽ
ഗൽഗദവചസ്സായ് ഭവിക്കിലു-
മിംഗിതമെന്നോടറിയിച്ചു മൌനമായ്.
പ്രേമതരളിതസ്വാന്തൻ ചരാചര
ക്ഷേമദനെൻതാതനത്യന്തവത്സലൻ
ഞങ്ങൾക്കെഴുമനുരാഗമാം ചങ്ങല-
ക്കെങ്ങാനൊരൂനംവരുത്താനൊരുങ്ങുമോ?
ഇഷ്ടയാമെൻറവിഭാതസഖിവന്നു
തുഷ്ടിയോടെൻഗൃഹം ശുദ്ധമാക്കിച്ചില
പട്ടാംബരങ്ങളെക്കൊണ്ടുവിതാനിച്ചു,
ശിഷ്ടമംഗല്യപ്രദീപംകൊളുത്തിയും
മോടികൂട്ടീടവേ; യാത്മജാവാത്സല്യ,
പേടകമെന്നമ്മ ഭക്ത്യാദരാന്വിതം
നക്ഷത്രപുഷ്പങ്ങളാകവെസംഭരി-
ച്ചക്ഷയക്ഷേമമാശംസിച്ചുകൊള്ളുവാൻ
നിശ്ചലംധ്യാനിച്ചുനിൽക്കവെ; പൈങ്കിളി-
പ്പിഞ്ചുകിടാങ്ങൾ മധുരസംകീൎത്തനം
നെഞ്ചലിയിക്കുമാറുൽഘോഷണംചെയ്തു-
മഞ്ചാതെകേളികളാടിരസിക്കവെ;
അഴ്മുഴക്കംമൃദംഗധ്വനിക്കൊത്തു

കേഴമാൻകണ്ണികൾ പാടിത്തുടങ്ങവെ;
മന്ദാനിലാചാര്യസന്നിയോഗത്തിനൊ-
ത്തുന്നിദ്രകൌതുകം വല്ലികളാടവേ;
എന്തിന്?:—എൻവൈവാഹികോത്സവോത്സാഹമോ-
ടെന്നുമൊരാനന്ദമാർന്നുനിൽക്കംവിധൌ
മന്ദസ്മിതംപൂണ്ടുസൌന്ദര്യസന്ദോഹ-
കന്ദമാമെൻകാന്തനാഗമിച്ചഞ്ജസാ,
പ്രത്യൂഷശീതളപ്രാലേയധാരയിൽ
പ്രത്യംഗശുദ്ധയായ് സന്തോഷമുഗ്ദ്ധയായ്
സത്രപമന്ദസ്മിതംതൂകിനിൽക്കുന്നൊ-
രെന്നെപ്പരിഗ്രഹിച്ചീടുമസംശയം!

ആ മനോദൈവതമാഗമിപ്പാനിനി
ഈ മന്ദഭാഗ്യയാം ഞാനെത്രകാക്കണം?
ഒന്നുനിസ്സംശയം:—ആ മഞ്ജുളാംഗനോ-
ടൊന്നിച്ചിട്ടുംകാലമാഗമിപ്പോളവും
ആ,രെന്നുകാണിച്ചുറയ്ക്കട്ടെ,നൂനമി-
ക്കോരകധർമ്മം വെടിയുകില്ലഷഞാൻ!!

ദേവീപുരാണം.

(ഭാഷാഗദ്യം)

പരാശക്തിമാഹാത്മ്യത്തെ വിവരിക്കുന്നതും വായിക്കു മ്പോൾ ആരേയും രോമാഞ്ചകഞ്ചുകിതരാക്കിത്തീക്കുന്നതും, പാപപ്രക്ഷാളനംചെയ്തു അവരെ പരമശാന്തിപദത്തിലേക്കു നയിക്കുന്നതും ആയ അനേകം പാവനകഥകളും ഉപകഥകളും അടങ്ങിയിരിക്കുന്ന ഈ ഉത്തമപുരാണത്തെ ദേവീഭക്തന്മാരെല്ലാം വായിക്കേണ്ടതാകുന്നു.

ഒന്നാംതരം മേനിക്കടലാസ്സ് കാലിക്കോബൈയന്റ് വില രൂപാ 1 അണ 12. രണ്ടാംതരം താണകടലാസ്സ് വില രൂപാ 1 അണ 4.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

കഥകളിപ്രസ്ഥാനം.

(ഒരു പഠനം.)

(വിദ്വാൻ, ശ്രീവരാഹം ഈ. വേലായുധൻപിള്ള-)

(തുടർച്ച.)

ഇദ്ദേഹത്തിന്റെ കഥകളിഗ്രന്ഥങ്ങളിൽ അന്തിമമായ ഒരു കൃതിയാണ് 'ദക്ഷയാഗം'

"ശ്രീരാമവർമ്മകുലശേഖരസോദരസ്യ
മാർത്താണ്ഡവർമ്മയുവഭൂമിപതേർന്നിദേശാൽ" എന്നിങ്ങനെ ഉപക്രമിച്ചിരിക്കുന്നതിൽനിന്നും പ്രസ്തുതഗ്രന്ഥം 'ഉത്രംതിരുനാൾ' മാർത്താണ്ഡവർമ്മ യുവരാജാവിന്റെ നിർദ്ദേശത്താൽ നിർമ്മിക്കപ്പെട്ടതാണെന്ന് സ്പഷ്ടമാണല്ലോ. ദക്ഷയാഗം കഥകളി ഭാഗവതത്തെ ആശ്രയിച്ച് ഉപജീവിച്ചിട്ടുള്ളതാണെങ്കിലും ഔചിത്യാനുസരണമുള്ള കവികല്പിതാംശങ്ങൾ വേണ്ടുവോളം കാണാവുന്നതാണ്. പ്രഥമപദ്യത്തിൽ 'ദക്ഷയാഗനാട്യപ്രബന്ധം' എന്ന് പറഞ്ഞിരിക്കുന്നതിൽനിന്നും സാധാരണ കഥകളികളെല്ലാം നാട്യപ്രബന്ധങ്ങളാണോ എന്ന് ആർക്കും സംശയംജനിച്ചുപോകാവുന്നതാണ്. നടിക്കുന്നതെല്ലാം നാട്യപ്രബന്ധങ്ങളാണെന്നായിരിക്കണം കവിയുടെ ഉദ്ദേശം. പദാർത്ഥാഭിനയംകൊണ്ട് ഭാവപ്രകടനം ചെയ്യുകയാണല്ലോ സാധാരണ കഥകളികളിൽ കണ്ടുപോരുന്നത്. എന്നാൽ അതിന് വലിയ വ്യത്യാസങ്ങളൊന്നും ദക്ഷയാഗത്തിൽ കാണ്മാനില്ലതാനും. എന്നാൽ ഒന്നു സൂക്ഷ്മമായി പരിശോധിക്കുന്ന പക്ഷം ദക്ഷയാഗം ഒരു നാട്യപ്രബന്ധമാണെന്ന് തെളിയുന്നതുമാണ്.

കഥാഗതിയിൽ പലവ്യതിയാനങ്ങളും വരുത്തി അന്ത്യം ശുഭമായി പര്യവസാനിപ്പിക്കുന്നതിനാലും, അംഗിയായ വീരരസത്തെ യഥായോഗ്യം ഉദ്ദീപിപ്പിച്ച് ഉൽകൃഷ്ടമാക്കുന്നതിനാലും, സംഭാഷണരൂപേണയുള്ള പദങ്ങളുടെ ഘടനയെ വിടാതെ തുടരുന്നതിനാലും, പദാർത്ഥാഭിനയത്തേക്കാൾ വാക്യാർത്ഥാഭിനയത്തിന് കൂടുതൽ സ്ഥാനം നൽകുന്നതിനാലും, ദക്ഷയാഗം കഥകളി ഒരു നാട്യപ്രബന്ധമാണെന്ന് പറയുന്നതിൽ ഒരപാകമുണ്ടെന്ന് പറയാൻ പാടില്ല. സാധാരണ കഥകളികളെ അനുകരിച്ചുതന്നെയാണ് ഇതിലും ആദ്യമായി ഒരു ശൃംഗാരാഭിനയം നടത്തുന്നത്. എന്നാൽ വീരരസത്തിൽ പക്ഷ

പാതിയായ കവി അതിനെ പൂർവ്വികരെപ്പോലെ ദീർഘവിസ്തരമാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നുള്ളതു് കുറേ ആശ്വാസം തന്നെയാണ്. സംഭോഗശൃംഗാരത്തിനായി ഉപയോഗിച്ചിരിക്കുന്ന പദംകൊണ്ടു് ദക്ഷനെ ഒരു സ്ത്രീലമ്പടനാക്കണമെന്നല്ല കവിക്കു് ഉദ്ദേശമുള്ളതെന്നു തോന്നും. അതിനാലാണ്, "സാമോദം മധുരാധരമയിതേ സാമജഗാമിനി തരികമെയിതേ" എന്നുമാത്രം പറഞ്ഞവസാനിപ്പിച്ചിട്ടുള്ളതു്. എന്നാൽ ആ ഘട്ടത്തിലും, വേദവല്ലിയുടെ സൌന്ദര്യാതിശയത്തെ വെളിപ്പെടുത്താനായി ദക്ഷനെക്കൊണ്ടു പറയിപ്പിക്കുന്ന—

"പനിമതിബിംബം മുഖസമമിഹതേ
പണിതുടരുമ്പോളംശുമുകളിതെ.
വനജേക്ഷ! സ്ഥിതനാം വിധിനൂനം
മതിയാക്കീ ബതശില്പവിധാനം" എന്ന പദഭാഗം പ്രസ്തുത കൃതിയിലുള്ള അലങ്കാരപരിപൂർണ്ണമായ സാഹിത്യപ്രൌഢിയെ പ്രബന്ധമുഖത്തിൽ കുറിക്കുന്നതുതന്നെയായിരിക്കാം.

ഇതിലെ കഥാഘടനയെ രണ്ടായി വിഭജിക്കാം. ദക്ഷൻെറ കൈയിൽ കിട്ടുന്നതു മുതൽ സതിയുടെ വിവാഹംവരെയുള്ള ഭാഗം ഒന്നു്; അനന്തരം ദക്ഷയാഗപൂർത്തിവരെയുള്ളതു വേറൊന്നു്. ഇടയ്ക്കു ദണ്ഡകവും ഉപയോഗിച്ചിരിക്കുന്നു. കഥകളികളിൽ ദണ്ഡകം ഉപയോഗിക്കുന്നതിനെപ്പററി അന്യത്ര ചിന്തിക്കാം. മുൻപറഞ്ഞ ആദ്യഭാഗത്തിൽ സതിയുടെ ജനനം മുതൽ യൌവനപ്രാപ്തിവരെയുള്ള കഥയെ സംഗ്രഹിച്ചു് വർണ്ണിച്ചിരിക്കുന്നു. 'കണ്ണിണയ്ക്കാനന്ദം നൽകുന്ന' കാളിന്ദീനദിയുടെ ഗുണഗണങ്ങളെ വർണ്ണിച്ചിരിക്കുന്ന പദം ലളിതമനോഹരമത്രേ.

"നളിനങ്ങളളിവൃന്ദമിളിതങ്ങൾ കാന്തമാർതൻ
അളകാഞ്ചിതാസ്യങ്ങൾപോൽ വിളങ്ങിടുന്നു" എന്ന മാതിരി അലങ്കാരഭംഗികൊണ്ടു് ചമൽക്കാരജനകവുമാകുന്നു. "പങ്കംപോക്കുന്നകാളിന്ദിയിൽ മുഴുകിയിട്ടു്" "പത്മപത്രേ വിളങ്ങുന്ന" ശംഖിനെ ദക്ഷൻ കരഗതമാക്കുന്ന ഭാഗം മുതലാണ് സാക്ഷാൽ കഥതുടരുന്നതു്. സതിയുടെ യൌവ്വനപ്രാപ്തിയും, അവളുടെ ശിവപരമായ തപസ്സും വടുവിൻെറ പ്രവേശനവും ഏണാങ്കമൌലിയുടെ സതീവിവാഹവും, ആണ് പ്രഥമഭാഗത്തിലുള്ളതു്. എന്നാൽ പാർവ്വതിയുടെ ദൈവികമായ പ്രഭാവത്തെയും, സതീതപത്തേയും, വെളിപ്പെടുത്താനായി മാത്രമാണ് കരാളദംഷ്ട്രനെന്ന ദനുജനെ സൃഷ്ടിച്ചിട്ടുള്ളതും. വടുവിൻെറയും സതിയുടെയും സംഭാഷണം കുമാരസംഭവകാവ്യത്തെ അനുകരിച്ചതാണെങ്കിലും അഭിനയരീത്യാ അതിനുള്ള മെച്ചം ഒന്നു വേറെ തന്നെ.

"ഇന്നവന്നചലംശേഷം എരുതൊന്നുണ്ടുപോൽ വാഹം
പന്നഗഭീഷണദേഹം പാഴിലല്ലോനിന്റെ മോഹം" ഇത്യാദി അധിക്ഷേപങ്ങളും, സതിയുടെ ആ അവസരത്തിലുള്ള ഭാവഭേദങ്ങളും എത്രയും രസാവഹങ്ങളത്രേ. വടുവിന്റെ ഹാസ്യഭാവം, സതിയിൽ ഭക്തിപാരമ്യത്തെ പ്രത്യക്ഷമാക്കുന്നതു് കാണേണ്ടതുതന്നെയാണു്. അതു അഭിനയംകൊണ്ടു മാത്രമേ സാധിക്കയുള്ളൂ.

അവസാനത്തിൽ ശിവൻ പ്രത്യക്ഷനായി സതിയുടെ പാണിയെ ഗ്രഹിക്കുന്നതും മററും സതിക്കെന്നപോലെതന്നെ ദ്രഷ്ടാക്കൾക്കും ഹർഷഭാവത്തെ ഉളവാക്കുന്നു. വിവാഹാനന്തരം, ശിവൻ മറഞ്ഞപ്പോൾ ആ സതിക്കുണ്ടാകുന്ന മനോവേദനയും, ഗീർവ്വാണനാരിമാരുടെ സമാധാനങ്ങളും, ഔചിത്യഭംഗികൊണ്ടും സാഹിത്യഗുണംകൊണ്ടും മേൽത്തരങ്ങൾ തന്നെ.

"അന്തരാത്മമനൽകിയിവണ്ണം
ബന്ധുരാംഗനവനെങ്ങുമറഞ്ഞു"
"അരുതരുതേഖേദം ബാലെ! അംബുജാക്ഷിദാക്ഷായണീ
പരിണയാനന്തരമേവം പരിതപിക്കയോഗ്യമല്ല"

വിവാഹാനന്തരം ആരോടും പറയാതെ തിരോഹിതനായ ശിവന്റെ നിന്ദയോർത്തു് കുപിതനായ ദക്ഷൻ ശിവപരമായിപ്പറയുന്ന ഓരോ വാക്കുകളും എത്രയും ഹാസ്യജനകവും; ദക്ഷന്റെ പ്രതാപത്തിനും സ്വഭാവത്തിനും ഒത്തവിധവും തന്നെ "അറിയാതെ മമ പുത്രിയെ നൽകിയതനുചിതമായിതഹോ" ഇത്യാദി നിന്ദാപരമായ വാക്കുകൾ വെറും ലൌകികനെന്ന നിലയിൽപോലും, ദക്ഷനു് പറയുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ ദക്ഷൻ കൈലാസത്തു് ചെന്നപ്പോഴുള്ള നന്ദിയുടെ അധിക്ഷേപങ്ങളും മററും അയാളെ കോപാന്ധനാക്കിയതിൽ അത്ഭുതപ്പെടാനില്ലതന്നെ.

"ക്രുദ്ധനാം മദേന ചന്ദ്രചൂഡമന്ദിരത്തിൽ വന്നു
ഗ്രദ്ധമായ് കടന്നിടുന്ന മൂഢനാരെടോ" എന്നിങ്ങനെയുള്ള കഠോരമായ അധിക്ഷേപം വെറും ലൌകിക പ്രതാപവാനായ ദക്ഷപ്രജാപതിയെ ചൊടിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് അല്പവും കുററകരവുമല്ല. വന്ദിക്കുവാൻ പോകുന്നവരെ നിന്ദിക്കുന്നപക്ഷം അതു ക്ഷന്തവ്യവുമല്ലല്ലോ?

സതിയുടെ യാഗശാലാപ്രവേശത്തിൽ "യാഗശാലയിൽ നിന്നു പോക ജവാൽ ഭൂതേശ ദയിതേ! എന്നിങ്ങനെയുള്ള ദക്ഷന്റെ ആട്ടിയോടിപ്പും, ശിവപരമായ അധിക്ഷേപങ്ങളും, സഹൃദയരായ

ദുഷ്ടാക്കൾക്ക് ദക്ഷനോടുള്ള വിരോധത്തെ വർദ്ധിപ്പിക്കതന്നെ ചെയ്യുന്നു. വീരഭദ്രൻെറയും, ഭദ്രകാളിയുടെയും രംഗം എത്രയും ഊർജ്ജസ്വലമാണ്. ഇപ്രകാരം ദക്ഷയാഗത്തിലെ ഓരോ രംഗവും സകലവിധമായുള്ള ഗുണങ്ങളോടുകൂടി പ്രകാശിക്കുന്നുണ്ട്. കഥകളികർത്താക്കന്മാർക്ക് സാധാരണമായി കാലൈക്യത്രൂപ്യത്തിൽ യാതൊരു ശ്രദ്ധയുമില്ല. അതു് ദക്ഷയാഗത്തെയും ബാധിച്ചിട്ടുണ്ട്. സതിയുടെ യൌവനപ്രാപ്തിവരെയുള്ള കഥാഭാഗത്തെ കവി വൃഥാ വിട്ടിരിക്കുന്നു എന്നുള്ള ഒരു സംഗതിയാണ് ദക്ഷയാഗത്തിലെ കഥാഘടനയിൽ കാണുന്ന ഒരു ഉടവു്. കഥയ്ക്കു് ജീവൻ വീഴുന്നതു് സതിയുടെ തപസ്സ് മുതലാകുന്നു. കരാളദംഷ്ട്രൻെറ അപാത്രയുക്തമായ ശൃംഗാരാഭിനയം നായികാപരമായ മാഹാത്മ്യത്തെ വർദ്ധിപ്പിക്കയും സതീവിവാഹംവരെയുള്ള ശൃംഗാരരസത്തിന് ഉൽക്കർഷം വരുത്തുകയും ചെയ്യുന്നു. സതീവിവാഹാനന്തരമുള്ള കഥയാണ് സാക്ഷാൽ ദക്ഷയാഗത്തിലെ കഥ.

ദക്ഷൻെറ അറിവും സമ്മതവും കൂടാതെയുള്ള ശിവൻെറ സതീസ്വീകരണത്താൽ ദക്ഷനിൽ ബീജാവാപം ചെയ്യുന്ന വീരമെന്ന സ്ഥായീഭാവത്തെ കൈലാസപുരത്തു വച്ചുള്ള നന്ദിയുടെ അധിക്ഷേപം, ബ്രഹ്മയാഗത്തിൽ വച്ചുള്ള നന്ദിയുടെ മറുപടി എന്നിവയാൽ വർദ്ധിതമാക്കി. രസാത്മകത്വം കൈക്കൊള്ളിക്കയും സതിയുടെ യാഗശാലാപ്രവേശത്തോടുകൂടി രൌദ്രരസത്തിൻെറ സഹായത്താൽ അതു് നിശ്ശേഷം വീരമായി പരിണമിക്കയും ചെയ്യുന്നു. വീരഭദ്രൻെറയും ഭദ്രകാളിയുടെയും ദക്ഷനാശകർമ്മത്തിൽ രൌദ്രരസമാണ് പ്രാധാന്യം വഹിക്കുന്നതു്. എന്നാലും അംഗിയായ രസം വീരം തന്നെയെന്നുള്ളതിൽ സംശയിപ്പാനില്ല.

ദക്ഷയാഗത്തിലെ ഭാഷയും സാഹിത്യവും ലളിതസുന്ദരമായ ഒരു രീതിയെയാണ് അവലംബിച്ചിട്ടുള്ളതു്. അനുപ്രാസം; പദാനുപ്രാസം; യമകം തുടങ്ങിയ ശബ്ദാലങ്കാരങ്ങളും, ശ്ലേഷം, ഉപമ, സമാസോക്തി, ദൃഷ്ടാന്തം തുടങ്ങിയ അർത്ഥാലങ്കാരങ്ങളും മിക്കഭാഗങ്ങളിലും കാണാവുന്നതാണ്. അർത്ഥത്തിന് യാതൊരു ഹാനിയും കൂടാതെ വിധിതന്ന നിധിയാമീ നന്ദിനി" എന്നതുപോലെ ഭാഷയിലും യമകം വരുത്തുവാൻ തമ്പി അവർകൾക്ക് യാതൊരു പ്രയാസവുമില്ലായിരുന്നു.

"ശ്യാമാം സോമാഭിരാമദ്യുതിമുഖലസിതാം താരഹാരാഭിരമ്യാം"
"പനിമതിബിംബം മുഖസമമിഹരേ."
"തിരോഹിതദ്രാഗമൃതാത്മനീശ്വരേ,"

"ചക്ഷുശ്രവണനൾചീറിവരുന്നൊരു പക്ഷിപ്രവരനുഭക്ഷണകാലം ഇത്യാദി ഭാഗങ്ങൾ കവിയുടെ അർത്ഥാലങ്കാരപ്രയോഗവൈദഗ്ദ്ധ്യത്തെ ദൃഷ്ടാന്തീകരിക്കുന്നു. ദക്ഷയാഗത്തിലെ "യമിനാംപ്രവരജഗാഥേ" (ജഹാഗേ) എന്നിങ്ങനെയുള്ള പദ്യത്തിൽ നിന്നും സംസ്കൃതപദ്യത്തിലും കേരളപ്രാസമുപയോഗിക്കാമെന്നു് അദ്ദേഹം ചൂണ്ടിക്കാണിച്ചിരിക്കുകതന്നെയാണു്. എന്നാൽ പ്രാസഭ്രാന്തു് പിടിച്ചു് ഉണ്ണായിയെപ്പോലെ പദങ്ങളുടെ ഗളച്ഛേദനത്തിനു് ഇദ്ദേഹം ഒരുങ്ങീട്ടില്ല. 'വിധിതനനിധിയാമീനന്ദിനി' എന്നു തുടങ്ങുന്ന പദത്തിൽ—'നന്ദിനി' ശബ്ദത്തെ നാലർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നതിൽ നിന്നുതന്നെ കവിയുടെ ശബ്ദാർത്ഥസമ്പത്തു് എത്രമാത്രമുണ്ടെന്നു് ഊഹിക്കാവുന്നതാണു്.

"അന്തകാന്തകവൈഭവംഹൃദി ചിന്തിയാതെമദാന്ധനായ്"

എന്നും മറ്റുമുള്ള ഭാഗങ്ങളിൽ സ്ഫുരിക്കുന്ന വീരരസം ഇതരകവികൾക്കു് അനുകരണയോഗ്യമത്രേ.

ഇദ്ദേഹത്തിന്റെ കൃതികൾ രംഗപ്രവർത്തനോചിതമായ ഭാഷയുടെ ക്രമപ്പെടുത്തൽകൊണ്ടും, രംഗവൈശിഷ്ട്യംകൊണ്ടും, പ്രസാദസമ്മിളിതമായ ലളിതമണിപ്രവാളബന്ധംകൊണ്ടും, സർവ്വഥാ ഉൽകൃഷ്ടങ്ങളത്രേ. വീരഭദ്രൻ, നന്ദി, ദക്ഷൻ, കീചകൻ ഉത്തരൻ, വലലൻ, കിരീടി, ഇവക്കെല്ലാം അതാതു ഘട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷകൊണ്ടുമാത്രം തത്തൽപാത്രങ്ങളുടെ വൈജാത്യം മനസ്സിലാകത്തക്ക വിധത്തിലാണു് ശ്ലോകങ്ങളും, പദങ്ങളും, നിർമ്മിച്ചിരിക്കുന്നതു്. ഇദ്ദേഹത്തിന്റെ ഏതുകൃതിയെ പരിശോധിച്ചു നോക്കിയാലും, സുദീർഘങ്ങളായ സമാസപദങ്ങളോ, വെറും ശബ്ദാഡംബരങ്ങളായ നിരർത്ഥപദങ്ങളോ, സംസ്കൃതീകരണം കൊണ്ടു് ദൂഷിച്ചിട്ടുള്ള ഭാഷാപദങ്ങളോ കണികാണ്മാൻ പോലും കിട്ടുന്നതല്ല. സുപ്രസിദ്ധങ്ങളും സുലളിതങ്ങളുമായ, സംസ്കൃതപദങ്ങളെ തേടിപ്പിടിച്ചു് ഭാഷാപദങ്ങൾക്കു് പ്രാഥമ്യം കല്പിച്ചു് നീരക്ഷീരന്യായേന സംയോജിപ്പിക്കുന്നതിലുള്ള ശ്രദ്ധയും, മനോഹരതയുമാണു് തമ്പിയവർകളുടെ മണിപ്രവാളത്തിനുള്ളതു്. "പങ്കംപോക്കുന്ന കാളിന്ദിയിൽ" എന്നും "പൂന്തേൻനേർവാണിബാലെ" എന്നും ഉള്ള പദ്യങ്ങൾ ശുദ്ധമണിപ്രവാളത്തിനും ഉത്തമലക്ഷ്യങ്ങളാകുന്നു. ഇങ്ങനെ, ഭാഷാപ്രയോഗസാരള്യം, പ്രസാദഗുണം, അർത്ഥഗാംഭീര്യം, രംഗപൌഷ്കല്യം, സംഗീതമനോഹരത, എന്നീ ഗുണങ്ങളാൽ തമ്പിയവർകളുടെ മൂന്നു കൃതികളും കഥകളികളുടെ കൂട്ടത്തിൽ ഒരു ഉത്തമസ്ഥാനത്തെ അർഹിക്കുന്നു.

(തുടരും)

ഒരു ദരിദ്രഭവനം.

മുള്ളനിക്കാട്ട്, വി. രാമവർമ്മ തമ്പുരാൻ.

മാരിയ്ക്കുള്ളുറ പൂകുവാൻ വഴിയൊഴി-
ഞ്ഞേകുന്ന മേച്ചിൽപ്പുറം
കേറി,ക്കൂറൊട്ടു കാട്ടുവള്ളി സസുഖം
വാഴുന്നവിടൊന്നിതാ
ദാരിദ്ര്യാൽക്കടദേവതയ്ക്കു വിഹരി-
ച്ചീടാൻ വിരിഞ്ചൻപുരാ
പാരിൽ പാർത്തു പരം പണിയൊത്തൊരു നികു-
ഞ്ജംപോൽ വിളങ്ങുന്നതേ. 1

തുമ്പില്ലാതെമുറുക്കി പ്ലവഴികൾ ചുവ-
പ്പിച്ചൊലിപ്പിച്ചജസ്രം
വമ്പൻ കോളാമ്പിയായീടിന പടുകിഴവ-
ച്ചാക്കെഴും താടിപോലെ
കമ്പം കയ്യൊണ്ടു, പെയ്തീടിന മഴമുഴുവൻ
ചേർന്നൊലിച്ചുള്ള രേഖാ-
സമ്പത്തേക്കൈവിടാതേ മലിനമിതിനെഴും
ഭിത്തി, ചിത്രം ലസിപ്പൂ. 2

കുമ്മായപ്പൊടിപാറിയുള്ളുവഷള-
ല്ലാസക്തിയോ ചാക്കിലി-
ന്നേൺമാഹാണിയുമില്ലൊ,രേനില സദാ,
സവ്വംസഹതാപം പരം
ഇമ്മാഹാത്മ്യമെഴുന്ന ഭിത്തിശകലം
രാജിച്ചിടുന്നത്ര,തൽ
കമ്മത്തിൽ കൊതിവിട്ടൊഴിഞ്ഞമുനിയെ-
പ്പോലെ, തപിച്ചന്വഹം. 3

കട്ടിൽക്കാലു, കയററുകട്ടിലു, കലം,
കോടാലി,യാക്കം രസം
മുട്ടിയ്ക്കുന്ന മുഷിഞ്ഞമു,ണ്ടുമി,മുറം,
ചാരം, പരം ചാണകം,

ചട്ടിക്കിറു്, ചവിട്ടു, ചങ്ങഴി, ചിതൽ-
പ്പുററ,ററമില്ലാതൊരാ-
മട്ടിൽ കണ്ണിന്നു കണ്ടിടാമകമതിൽ-
സ്സാമാനമേവംവിധം. 4

പുല്ലും, തെല്ലുപഴന്തുണിക്കഷണവും
കൊണ്ടി,ട്ടുകണ്ടങ്ങളിൽ
ചെല്ലുന്നോരു ചിരിക്കുവാൻ രചിതമാം
കോലാന്ന കോലങ്ങൾപോൽ
എല്ലുംതോലുമതായ് മെലിഞ്ഞ മനുജ-
ക്കോലങ്ങളാലഞ്ചിതാ
ചൊല്ലുംവിട്ടു ചടഞ്ഞിരിപ്പു ഷളാം
കോലായിനാഡംബരം. 5

പാരിൽ തെണ്ടും ജനത്തിൻ വയറു നിറയുവാൻ
തക്കതാമോളാ! കരത്താ-
ലൂരി കൈത്തണ്ടിലാക്കും ചെറിയൊരുതകര
യ്യുള്ളതയ്യോ? നിനച്ചാൽ
നേരിട്ടയ്യോ! തിരഞ്ഞാലിവിടെ,യിവയിലൊ-
ന്നെങ്കിലും കിട്ടുകില്ലാ
* ദാരിദ്ര്യപ്പിച്ചമാത്രം പരമസുഖമക-
ത്തും പുറത്തും ലസിപ്പൂ. 6

മൂട്ടാതേകണ്ടു ജ്യേഷ്ഠാഭഗവതികളിയാ-
ട്ടുന്നടിക്കാനിന്നതന്നാൽ
മുട്ടാളും മാദൃശന്മാർക്കൊഴികെയൊരുവനും
ചീട്ടു കിട്ടില്ലകേറാൻ
മുട്ടാകെക്കാട്ടിദൈവം, പടിമുതൽ മുഴുവൻ
മാർഗ്ഗവും ഹാ! മുടക്കി
ത്തൊട്ടാൽ വാട്ടുന്ന ദുഷ്ടച്ചെടി നിരനിരയായ്
നില്പു കോലായിലോളം. 7

നാടേതും നിവസിപ്പതിന്നു മതിയാ-
കാ,ഞ്ഞിട്ടകം കാഞ്ഞു, വൻ-
കാടേറിപ്പരിതൃപ്തിനേടിയമഹാ
ദാരിദ്ര്യദുർദ്ദേവതാ

കൂടെക്കൂടിയ ജ്യേഷ്ഠയോടുമൊരുമി-
ച്ചിശ്ശുഭമേ മാടമാം
കൂടേറി ക്കൂടികൊൾവതെങ്ങനെ! യിതീ-
മട്ടിൽ രചിച്ചോനെവൻ. 8

ദാരിദ്ര്യത്തിനു പാർക്കുവാൻ പണിതതോ?
പത്മാസനൻപാരിലേ
ദാരിദ്ര്യസ്ഥിതികണ്ടതിൽ പണിതതോ?
ററീടൊന്നി,തെന്താണവോ?
നേരിട്ടില്ലൊരുതുമ്പു,മത്ഭുതമിതിൻ
തത്വം ഗ്രഹിക്കാതെ മേൽ
നേരിട്ടെങ്ങനെ വർണ്ണനയ്ക്കു തുടരേ-
ണ്ടു? ഹന്ത! നിൽക്കുന്നു ഞാൻ. 9

---

* ദാരിദ്ര്യപ്പച്ച എന്ന ചെടി.

ലളിതാസഹസ്രനാമം.

(സവ്യാഖ്യാനം)

ലളിതാസഹസ്രനാമത്തെപ്പററി കേൾക്കാത്തവരായി ഹിന്ദുക്കളുടെ ഇടയിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. അതുപോലെതന്നെ സ്തോത്രങ്ങളുടെ ഇടയിൽ ലളിതാസഹസ്രനാമത്തിനുള്ളതുപോലെയുള്ള പ്രശസ്തി മററൊന്നിനുമില്ല. നിത്യപാരായണത്തിനും അർച്ചനാദികൾക്കും ഇതുപോലെ പ്രയോജനകരമായിരിക്കുന്ന ഗ്രന്ഥം വേറെ ഒന്നില്ലെന്നു തീർച്ചയാണ്. ആസ്തികന്മാരായ 'എല്ലാ' ഹിന്ദുക്കളും ഇതിൽ ഓരോ പ്രതി അവശ്യം വാങ്ങി സൂക്ഷിക്കേണ്ടതാകുന്നു. പൊതുജനങ്ങളുടെ സൌകര്യത്തെ ഓർത്ത് ഈ പുസ്തകത്തിന്നു ലഘുവായ വിലയേ നിശ്ചയിച്ചിട്ടുള്ളു.

ഡമ്മി എട്ടിൽ ഒന്നു വലിപ്പത്തിൽ 120-ൽപരം പേജുള്ള ഈ പുസ്തകം ലൈബ്രറി പതിപ്പ് ഒന്നുക്കു വില അണ 12. സാധാരണ ബയന്റു 1-ക്ക് അണ 8.

വി. വി. പ്രസ്സ്—കൊല്ലം.

ശ്രീ.

കാവ്യസാമഗ്രികൾ.

(തുടർച്ച)

രീതിഭേദത്തിനു കവിതയുടെ ശാബ്ദികമായ അംശത്തിൽ ഒരു പ്രധാന സ്ഥാനമുണ്ടു്. മുകളിൽ പ്രസ്താവിച്ച പദവിന്യാസഭംഗി, ഇതിലും, അവശ്യമായി നിൽക്കുന്നുണ്ടെന്നു പറയേണ്ടതില്ല. ഖംഗ്ല ഭോദിവർണ്ണങ്ങളുടെ പ്രത്യേകമായ സന്നിവേശമാണു് രീതിഭേദത്തിനു കാരണം. വിദർഭപാഞ്ചാലാദിരാജ്യവാസികളുടെ രുചിഭേദത്തെ, അടിസ്ഥാനപ്പെടുത്തി, വൈദർഭി, പാഞ്ചാലി തുടങ്ങിയ പ്രസ്തുത രീതികൾ ആവിർഭവിച്ചു എന്നു്, ആലങ്കാരികന്മാർ അഭിപ്രായപ്പെടുന്നു. ഇതനുസരിച്ചു്, രുചിഭേദജന്യമായ ഈ വ്യത്യാസം അത്ര ഗണ്യമായി തോന്നുകയില്ലെങ്കിലും, കവിതാഗതിയിൽ, ഇവയ്ക്കു്, വക്തവ്യമായ പ്രാധാന്യമുണ്ടു്. രീതികളെല്ലാം ഓരോവിധത്തിൽ കവിതയ്ക്കു്, അവശ്യമായിരുന്നു്, പൊതുവിൽ അതിന്റെ ശാബ്ദികമായ വൈചിത്ര്യത്തിനു കാരണമായിത്തീരുന്നു എന്നാണു്, അവയുടെ പ്രാമാണ്യവിചാരണയിൽ, ഏതാണ്ടു സമീചീനമായ തീരുമാനം. എങ്കിലും, വൈദർഭീപക്ഷപാതികളാണു്, അധികമാളുകളും നോക്കുക.

വദന്ത്യകതിചിദ്ഗിരാൽ ഗരടപദേതി വർണ്ണച്ഛടാ
ഘടാപട, ഇതീതരേ, പടുടരുവാക്കപാടവാൻ
വയംത്വകുളമഞ്ജരീഗളദമന്ദമാധ്വീധരീ,
ധുരീണപദരീതിഭിർഭണിതിഭിഃ പ്രമോദാമഹേ.

എന്നിങ്ങനെയുള്ള പ്രശംസാപത്രങ്ങളും, മററും വൈദർഭീരീതിക്കു പ്രത്യേകമായി ലഭിച്ചിട്ടുള്ളതാണു്. ഏതായാലും, രീതികളെല്ലാം, ഒരു ഹർമോണിയത്തിനു് അതിന്റെ ശ്രുതിക്കട്ടകൾ എന്നപോലെ കവിതയ്ക്കു് അവശ്യമായും, അതിന്റെ മഹിമയ്ക്കു് നിദാനമായും ഇരിക്കുന്നു എന്നു ചുരുക്കിപ്പറയാം.

അനുപ്രാസം, യമകം, തുടങ്ങിയ ശബ്ദാലങ്കാരങ്ങളും, ഇവിടെ ശ്ലാഘ്യമാകുന്നു. താൽക്കാലികമായ ഒരു ശ്രവണസുഖം മാത്രമാണു്, ഇവയുടെ പ്രയോജനം. അർത്ഥത്തെ സംബന്ധിച്ചും, മററും, ഇവയിൽ വലിയ നിഷ്കർഷയൊന്നും ഇല്ല. “പ്രായേണയമകം,

ചിത്രേ, രസവൃദ്ധിസ്സമുദ്യതേ" എന്ന ആലങ്കാരികനിർവ്വചനത്തിൽനിന്നും ഇവയ്ക്കു് ആവശ്യമായ അർത്ഥപുഷ്ടിയുടെ സ്വഭാവം മനസ്സിലാക്കാവുന്നതാണു്. കവിതയുടെ ആത്മീയസൗന്ദര്യത്തിനു മാത്രം, മനസ്സുവയ്ക്കുന്ന, ആധുനികലോകത്തിനു്, ഇവ നീരസകരങ്ങളായ കവിതോപകരണങ്ങളായിത്തീർന്നിട്ടുണ്ടെങ്കിലും, എല്ലാ ഭാഷകളിലും, ശാബ്ദികമായ രാമണീയകത്തിൽക്കൂടി കടന്നാണു്, കവിത, പിന്നീടു വന്നുചേർന്ന, ഔന്നത്യത്തിൽ എത്തിയതു് എന്നു കാണുവാൻ വിഷമമില്ല.

ഇങ്ങിനെ ശബ്ദസൗകുമാര്യത്തിന്റെ സമഗ്രതയ്ക്കു് ഹേതുക്കളായ കാര്യങ്ങൾ പലതുമുണ്ടു്. ആദ്യംപറഞ്ഞ രചനാഗുണം, ഇവയിൽ എല്ലാത്തിലും ഒരുപോലെ ആവശ്യവുമാകുന്നു. വാസ്തവമാലോചിച്ചാൽ മണിപ്രവാളകവിതതന്നെ, പൗരാണികരുടെ രചനാഗുണവിചാരണയിൽനിന്നും, ആവിർഭവിച്ചതായി പറയാവുന്നതാണു്. വിഭിന്നങ്ങളായ രണ്ടു ഭാഷകളിലെ പദങ്ങൾ. അവയുടെ ഘടനാവൈചിത്ര്യത്താൽ ശോഭനമായി ഇണങ്ങിച്ചേരുകയാണല്ലോ ഇവിടെ ചെയ്യുന്നതു്. രചനയുടെ പ്രശംസനീയത ഇങ്ങിനെ പല വിധത്തിലും പ്രസ്താവയോഗ്യമാകുന്നു. എന്നാൽ ഈ സംഗതിയിൽ വേണ്ടവണ്ണം ശ്രദ്ധപതിപ്പിക്കാൻ സാധിച്ചില്ലെങ്കിൽ ഉണ്ടാകുന്ന ദോഷങ്ങളും അതുപോലെ വലുതായിരിക്കും. ദുശ്ശ്രവം തുടങ്ങിയുള്ള പദദോഷങ്ങളും, ക്ലിഷ്ടം തുടങ്ങിയുള്ള വാക്യദോഷങ്ങളും, രചനാജന്യമായ അനവധാനതയിൽനിന്നു വന്നുപോകുന്നതാണെന്നു പറഞ്ഞാൽ അതു അസംഗതമാകയില്ല.

കവിതയുടെ ആശയഭംഗിയേക്കുറിച്ചാണു് ഇനി അല്പം ചിന്തിക്കുവാനുള്ളതു്. ലോകത്തിൽ അന്തർലീനമായിരിക്കുന്ന, സനാതനമായ സത്യസൗന്ദര്യാദികളെ പ്രകാശിപ്പിച്ചു്, ഹൃദയത്തെ ആനന്ദമഗ്നമാക്കുകയാണു്, ഉത്തമമായ കവിതയുടെ പ്രയോജനം. പ്രകൃതിയുടെ ബഹുമുഖമായ രാമണീയകങ്ങളെ ദർശിച്ചു് വികാരോല്ബണമായ കവിഹൃദയത്തിൽനിന്നും നിറഞ്ഞ പാത്രത്തിൽനിന്നും, തിളച്ചുമറിയുമ്പോൾ ഉണ്ടാകുന്ന ബഹിർഗ്ഗമനംപോലെ കവിത പുറപ്പെടുന്നു. കവികളുടെ ഭാവനാശക്തിയാണു്, അവരുടെ ഹൃദയത്തെ വികാരപൂർണ്ണമാക്കിത്തീർക്കുന്നതു്. ആ ഭാവന, നിരുപാധികമായ ഒരു പ്രേമത്തിന്റെ, വിശുദ്ധശിശുവാകുന്നു. അതു്, കേവലം, അടിസ്ഥാനരഹിതവും, അസമഞ്ജസവും ആയ ഒരു മാനസഭ്രാന്തിയല്ല; സൃഷ്ടിപരവും, സൗന്ദര്യോന്മുഖവുമായ കലയുടെ വിലാസപരമായ ഒരു വിജൃംഭണമാകുന്നു. കവികളുടെ ഭാവനാശക്തിയെപ്പററിയുള്ള The lunatic,

the loves, and the poet are of immagination all compact എന്നുള്ള ഒരു ആംഗല ചിന്തകൻെറ അഭിപ്രായവും, അതിൻെറ ഭാഷാരൂപമായ

"ഭ്രാന്തനും, കാമുകൻപിന്നെ
ക്കവിയും മൂന്നുപേരഹോ
ഭാവനാശക്തികൊണ്ടേക-
ഭാവമാണെന്നിനയ്ക്കുകിൽ."

എന്ന പദ്യവും ഈ അവസരത്തിൽ സ്മരണീയമാകുന്നു. ഭാവനയുടെ, അനിയന്ത്രിതവും, വിചിത്രവുമായ സ്ഥിതിയിൽ മേൽക്കാണിച്ചവരുടെ ചിത്തവൃത്തികൾക്ക് തമ്മിൽ അല്പമായ വല്ല സാദൃശ്യവും, കാണപ്പെട്ടിരുന്നാൽതന്നെയും, അവയുടെ വിപുലമായ വ്യത്യാസത്തെ മറച്ചുവക്കുവാൻ കഴിയുന്നതല്ല. അപരിച്ഛേദ്യവും, ദിവ്യവുമായ സൗന്ദര്യബോധത്തിൽ നിന്നും ഉളവാകുന്ന കവിയുടെ ഭാവന, കേവലം, വിവേചനാരഹിതവും, വ്യാമോഹജന്യവും, ആയ കാമുകഭ്രാന്തന്മാരുടെ ഭാവനയിൽ നിന്നും വളരെ അകന്നതാണെന്ന് പ്രഥമദൃഷ്ടിക്കുതന്നെ, പ്രത്യക്ഷമാകുന്നു. ആദ്യത്തേത്, അന്തരവും, സനാതനവും ആയ ഒരു ചൈതന്യവിശേഷത്തെ വഹിക്കുന്നതും, അടുത്തത്, നിരർത്ഥകമായ ഒരു മാനസഭ്രാന്തിയിൽ നിന്നും ഉളവാകുന്നതുമാണ്.

ആനന്ദാവഹതമാണ്, ആശയങ്ങളുടെ രമ്യതയ്ക്കു കാരണം. എന്നാൽ ഇവയെ എങ്ങിനെ ആനന്ദകരമാക്കാമെന്നുള്ളതിനു പറയത്തക്ക വ്യവസ്ഥകൾ ഒന്നുംതന്നെയില്ല. കവികൾ ഓരോരുത്തരും, തങ്ങളുടെ പ്രത്യേകമായ വീക്ഷണഗതിക്കും വാസനാവിലാസത്തിനും അനുസരണമായി, ഓരോതരം ആശയങ്ങളെ കവിതയിൽ നിബന്ധിക്കുകയും, അവ, ഓരോമാതിരി ഗുണവിശേഷങ്ങളെ വഹിച്ച്, നമ്മെ രസിപ്പിക്കുകയും ചെയ്യുന്നു. ചില കവിതകൾ, പാരായണമാത്രത്തിൽതന്നെ ഹൃദയംഗമങ്ങളായും കടന്നുള്ള ചിന്തയ്ക്ക് വകയില്ലാത്തവിധം ഉപരിപ്ലാവികളായും ഇരിക്കുന്നു. വേറെ ചിലവ, പ്രഥമശ്രവണത്തിൽ ലബ്ധമായ അർത്ഥത്തിലും നിലയ്ക്കാതെ സഹൃദയൻെറ ചുഴിഞ്ഞുള്ള ചിന്തയ്ക്ക് അവസരമുണ്ടാക്കിക്കൊടുക്കുന്നു. ഇനി ചിലത്, പ്രഥമപരിചയത്തിൽ വായനക്കാരനെ ക്ലേശിപ്പിച്ചാലും, ക്രമേണ, അന്തർവാഹിയായ സ്വമഹിമയെ അവനു പ്രത്യക്ഷപ്പെടുത്തുന്നു. സഹൃദയന്, ഇവയിൽ ആദ്യത്തേത് അധ്വഗന്, സ്വച്ഛശീതളച്ഛായമായ ഒരു പേരാൽമരം പോലെ ഉപകരിക്കുന്നു. രണ്ടാമത്തേതാകട്ടെ, ഒരു തേന്മാവിൻചുവട്ടുംപോലെ മനോഹരമായിരിക്കും. അ

വിടെ, അവന്, തണലിനു പുറമേ, മധുരഫലങ്ങളുടെ ആസ്വാദനം കൂടി സുലഭമാണ്. കടുവിലത്തേതിൽ നിന്നും നാളികേരതരു മൂലസ്ഥനായ പഥികൻെറ അനുഭവമാണ്, വായനക്കാരനുണ്ടാകുന്നതു്. പറയത്തക്കവിധത്തിലുള്ള ഒരു തണലിനു ഇവിടെ വഴിയില്ലെങ്കിലും, ഫലപ്രാപ്തിയിൽ ആ കുറവുകൂടി പരിഹരിക്കപ്പെടുന്നതായി വിചാരിക്കാം. കവിതയുടെ, ഈ ചമൽക്കാരവൈവിധ്യത്തിൽ നിന്നാണ് പാകാദികളും, മററും ഉണ്ടായിട്ടുള്ളതു്. ഓജഃപ്രസാദാദി, ഗുണങ്ങളും, കവിതയുടെ വ്യത്യസ്തമായ ചമൽക്കാരരീതികളെ നിദർശകമാകുന്നു. ഓരോന്നിൻെറയും, രാമണീയകതയിൽ അല്പം ചില കൂടുതൽ കുറവുകൾ കാണപ്പെട്ടിരുന്നാലും, ചുവപ്പ്, കറുപ്പ്, മഞ്ഞ, തുടങ്ങിയ വിഭിന്ന വർണ്ണങ്ങൾ, പൊതുവിൽ വർണ്ണസമുദായത്തിനെന്നപോലെ ഇവയെല്ലാം കവിതയുടെ ആകപ്പാടെയുള്ള കമനീയതയെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നതെന്നുള്ളതിനു സംശയമില്ല. കവിതയുടെ ഈ സ്വഭാവവൈചിത്ര്യത്തിനു വാസ്തവം ആലോചിച്ചാൽ കവികളും ഉത്തരവാദികളല്ല. ആകൃതിയിലെന്നപോലെ പ്രകൃതിയിലും വ്യത്യാസപ്പെട്ടിരിക്കുന്ന മനുഷ്യൻെറ മനഃസ്ഥിതിതന്നെയാണ്, ഇതിൻെറ അടിസ്ഥാനം. ലോകഗതിയുടെ ഈ വൈവിധ്യം അതിൻെറ മഹിമാവിനുള്ള കാരണങ്ങളിൽ പ്രാധാന്യമേറിയ ഒന്നാണല്ലോ—കവിതയെ സംബന്ധിച്ചും ഈ വാസ്തവം വക്തവ്യമാകുന്നു. കവിതയുടെ വ്യത്യസ്തഗതിയിൽ അമർന്നിരിക്കുന്ന വാസ്തവതത്വം ഇതാണെങ്കിലും, കവിതാശാസ്ത്രപടുക്കൾ, ഇവയ്ക്കു പൂർവ്വോത്തരത്വം കല്പിക്കുന്നുണ്ടു്. സാഹിത്യത്തിൻെറ ആലോചനാമൃതത്വം, അന്വർത്ഥമായിത്തീരത്തക്ക അർത്ഥപുഷ്ടിയുള്ള കവിതകൾ, പ്രാഥമ്യത്തെ അർഹിക്കുന്നു. കഴിയുന്നത്ര ലളിതവും, എന്നാൽ വായനക്കാരൻെറ ചിന്തയുടെ അന്തർഭാഗത്തെ സ്പർശിക്കുന്നതുമായ ആശയങ്ങളാണ് ഉത്തമകോടിയിൽ പെടുന്നതു്. അപ്രകാരംതന്നെ, പദബന്ധവും ചുരുങ്ങിയിരിക്കേണ്ടതുണ്ടു്. ചുരുങ്ങിയ വാക്കുകളാൽ വലിയ അർത്ഥപ്രതീതിക്ക്, വകയുണ്ടാക്കുന്ന കലാപാടവത്തിൻെറ ഔൽകൃഷ്ട്യം സർവ്വഥാ പ്രശംസനീയമാകുന്നു. പരിമിതമായ ഉപകരണങ്ങളും മെത്തരമായ നിർമ്മാണവുമാണ്, ഉത്തമനായ ഒരു ശില്പിക്കുള്ള വിശേഷം.

"തേ, വീരാഃ കരികുംഭേഷു
സുഷുപുര്യുദ്ധലാലസാഃ
രാത്രൗ, രതിപരിശ്രാന്താ
കാമിനീനാം കുചേഷ്വിവ."

മഹാഭാരതകൎത്താവിന്റെ ഈ പദ്യം മേൽ പ്രസ്താവിച്ച കവിതാസ്വഭാവത്തെ വിശദമാക്കുന്നതിനു പൎയ്യാപ്തമാകുന്നു. രതിപരിശ്രാന്തന്മാർ കാമിനീകുചങ്ങളിലെന്നപോലെ, യുദ്ധലാലസന്മാരായ ഭടന്മാർ കരികുംഭങ്ങളിൽ ഉറങ്ങി എന്നാണല്ലോ, ഇതിലെ ആശയം. പ്രസന്നമായ സരോവരംപോലെ ഇതിന്റെ അടിത്തട്ടു തെളിഞ്ഞു കാണാം. എന്നാൽ ആഴം ഉദ്ദേശത്തെ അതിക്രമിക്കുന്നതുമാണ്. ഭടന്മാരുടെ യുദ്ധപാടവവും അതിൽ അവൎക്കുള്ള താല്പൎയ്യവും, എത്ര ഹൃദ്യമായ രീതിയിലാണ്, ഇതിൽ ഘടിപ്പിച്ചിരിക്കുന്നതെന്ന് സഹൃദയന്മാരോട് പറയേണ്ടതില്ല. സമൎത്ഥന്മാരായ അഭ്യാസികളുടെ അടികൾ, കാണികൾക്ക് ലഘുവും അനായാസപ്രയുക്തവുമായി തോന്നുമെങ്കിലും അനുഭോക്താവിനു അതു തുലോം ശക്തിമത്തായി തോന്നുന്നതുപോലെയാണ് ഇത്തരം, കവിതയിലെ കലാവിലാസം സ്ഥിതിചെയ്യുന്നത്. വിശേഷിച്ച്, ഇതിന്റെ നിരാഡംബരവും, നിസൎഗ്ഗരമ്യവുമായ സ്വഭാവവും, ഉത്തമകവിതാരൂപത്തെ ഉദാഹരിക്കുന്നുണ്ട്.

മുൻ പ്രസ്താവിച്ച ഭാവനാശക്തി കവിതയുടെ കാന്തിപ്രകൎഷത്തിനു കാരണമായ ഉപകരണങ്ങളിൽ പ്രകൃഷ്ടമായ ഒന്നാകുന്നു. ചേതനാചേതനമോ, രമ്യാരമ്യമോ, ആയ ഭേദവിവക്ഷകൂടാതെ, വസ്തുക്കളെ കവിതാവിഷയമാക്കുവാനും, അവയെ രസനിഷ്യന്ദിയാക്കിത്തീൎക്കുവാനും ഇതുകൊണ്ടു കവികൾക്കു കഴിയുന്നു. നമുക്കു കേവലം നിരൎത്ഥകവും, നിൎജ്ജീവവും, ആയിത്തോന്നുന്ന സംഭവങ്ങളും, വസ്തുക്കളും, കവികളുടെ ഭാവനയിൽ, എത്രത്തോളം, സുന്ദരങ്ങളും, ആസ്വാദ്യമാനരമണീയങ്ങളുമായിത്തീരുന്നു എന്നുള്ളത്, ആലോചനാവഹമാകുന്നു. ഹൃദ്യങ്ങളായ ഭാവവിശേഷങ്ങളെ, ഇവയോടു ഘടിപ്പിക്കുന്നതുകൊണ്ടാണ്, ഇവ, ആഹ്ലാദകാരികളായിത്തീരുന്നത്. "നഗരാൎണ്ണവശൈലൎത്തു"കളായ കാവ്യാദൎശപ്രസിദ്ധമായ വൎണ്ണനാവിഷയങ്ങളെക്കാൾ ഇവയ്ക്കുള്ള ആകൎഷകത്വം അനുഭവസ്ഥന്മാരോടു പറയേണ്ടതില്ല. ഇത്തരം ഭാവപ്രധാനങ്ങളായ കവിതകൾ ഇന്നു ഭാഷാസാഹിത്യത്തിൽ സുലഭമായി കാണാൻ കഴിയും. കേവലം, വൃഥാസ്ഥൂലങ്ങളും, പൂൎവ്വാചാരസമ്പ്രദായത്തിന്റെ വിവേചനാരഹിതമായ അനുകരണങ്ങളും, ആയ ഈദൃശമാമൂലുകളെ ഉപേക്ഷിച്ച്, കാലാനുസരണമായ പരിഷ്കാരത്തിന്റെ ഔചിത്യം വെളിവാക്കുന്നവയായി, ഭാഷാകവിതയിൽ സംഭവിച്ചിട്ടുള്ള വ്യതിയാനങ്ങളിൽ ഗണ്യമായ ഒന്ന്, ഇത്തരം, ഭാവരമ്യങ്ങളായ കവിതയുടെ സുലഭതയാകുന്നു. ഇവ, ശ്രോതാക്കളുടെ ഹൃദയത്തെ, സമാകൎഷിച്ച്, കവിതയുടെ

ഉൽകൃഷ്ടഫലങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ എങ്ങിനെ ഉപകരിക്കുന്നു എന്നു താഴെ കാണിക്കുന്ന ഉദാഹരണത്തിൽ നിന്നും സ്പഷ്ടമാകുന്നതാണ്.

"മുകിൽക്കുലം മൗലിയിലുമ്മവെയ്ക്കു-
മീയോമനക്കുഞ്ഞിനെ നോക്കിനിൽക്കെ-
സൽപുത്രദർപ്പാൽ, പ്രകൃതീശ്വരിക്കു-
സായന്തനാദിത്യമുഖം തുടുത്തു."

സായംകാലത്ത്, ആകാശത്തിൽ സഞ്ചരിക്കുന്ന ഒരു കിളിയെ, കവി ഇവിടെ സംഭാവനയ്ക്കു വിഷയമാക്കിയിരിക്കുന്നു. സഞ്ചാരവീഥിയുടെ ഔന്നത്യത്താൽ അതിനു മേഘചുംബനം ലഭിക്കുന്നതായും അസ്തമയസമയത്തെ, അരുണസൂര്യനെ മേഘസൽക്കാരം സിദ്ധിച്ച കിളിനിമിത്തം സൽപുത്രദർപ്പിതയായ പ്രകൃതീശ്വരിയുടെ തുടുത്ത മുഖമായും, കല്പിച്ചിരിക്കുന്നു. സാധാരണ ദൃഷ്ട്യാ സായംകാലത്തുള്ള ഒരു കിളിയുടെ ആകാശസഞ്ചാരത്തിൽ, വിശേഷവിധിയായി ഒന്നും കാൺകയില്ലെങ്കിലും, കവി, അതിൽ ചില സരസമായ അർത്ഥങ്ങളെ സംഘടിപ്പിക്കയും, തദ്വാരാ പ്രസ്തുതപദ്യം ഇങ്ങിനെ ശോഭനമായിത്തീരുകയും ചെയ്തിരിക്കുന്നു. ചരാചരവിഭക്തമായിരിക്കുന്ന പ്രകൃതിയിൽ, ആന്തരമായി സ്ഥിതിചെയ്യുന്ന ഐക്യവും, ഒന്നിന്റെ സുഖദുഃഖാദ്യവസ്ഥകളിൽ മറ്റേതിനുണ്ടാകുന്ന മനോഭാവവും, വ്യക്തമാക്കി അവയെ കൂട്ടിയിണക്കുകയാണ്, കവി ഇതിൽ ചെയ്തിരിക്കുന്നത്. ഭാവാനുവിദ്ധമായ കവിതകൾക്കുള്ള വൈശിഷ്ട്യം ഇവിടെ വേണ്ടുവോളം വ്യക്തമാകുന്നുണ്ട്. 'വിശേഷിച്ച്, ലോകത്തിൽ സാർവ്വത്രികമായി സ്ഥിതിചെയ്യുന്ന സ്നേഹാദി വിശിഷ്ടഗുണങ്ങളെ ഉൽബോധിപ്പിച്ച് സഹൃദയത്തെ വികസിപ്പിക്കുകയും, കവിതയുടെ പരമഫലപ്രാപ്തിയിൽ വായനക്കാരെ ഭാഗഭാക്കുകളാക്കത്തക്കവിധം സജ്ജീകരിക്കയും ചെയ്യുന്നു. ആശയരൂപീകരണത്തിൽ ഈ മാതിരി, കവിതകൾക്കുള്ള പ്രമാണ്യം അനുക്തസിദ്ധമാണെന്നു വിചാരിക്കുന്നു.

(തുടരും)

* ദാശഗീതി.

(നതോന്നത.)

(തേറമ്പിൽ ശങ്കുണ്ണിമേനോൻ.)

ഉണരുവിൻകൂട്ടുകാരെ!യുണരുവിൻ, നാകാശവു-
മുണർന്നിതാ പ്രഭാതത്തെ വണങ്ങീടുന്നു.
കുട്ടിയെപ്പോൽരാവിൽവാനു കൂട്ടിടാതെകരഞ്ഞൊരു
കാററുംതെല്ലൊന്നുഷസ്സിങ്കലുറങ്ങിപ്പോയി
കെട്ടുമരംകെട്ടഴിച്ചുവിട്ടീടുവിൻവേഗംവല-
ക്കെട്ടെടുത്തുകടലിലേയ്ക്കിറങ്ങീടുവിൻ
കടലിൻെറകിടാങ്ങളാം നമ്മ, ളതിലേററംപാടി-
ക്കളിക്കുന്നമുതൽപിടിച്ചടക്കീടേണം.

കളയൊല്ലാസമയംനാം കളിയായിത്തെല്ലുപോലും
വിളിക്കുന്നു, വേഗമെത്താൻ കടൽപക്ഷികൾ
അംബുരാശിനമ്മൾക്കമ്മ, അംബുദങ്ങൾസോദരന്മാർ
വമ്പിയന്നതരംഗങ്ങൾ ബന്ധുവർഗ്ഗങ്ങൾ
തിരക്കയ്യാൽവാരിധിയാൾ തിരസ്കരിച്ചാലും, നമ്മൾ
തിരിക്കൊല്ലാ—മുന്നോട്ടെത്താൻ തിരക്കിക്കൂടാം.

തെങ്ങിൻതണൽ, മാവുപൂത്തുപൊങ്ങിടുന്നപുതുമണം
തുംഗസുഖംനമുക്കേററമണച്ചീടുന്നു
മതിബിംബംമറയവേ, കമനിമാർപാടുംപാട്ടാൽ
മുഖരമാംമണൽപ്പുറം മനോമോഹനം
നുരച്ചിരിയാൻ, കടൽതിരക്കയ്യാൽകുമാരിയാം
കരയെത്തലോട്ടുംകാഴ്ച കരൾകക്കുന്നു
തലകുനിച്ചാകാശമീ വാരാശിയെച്ചുംബിക്കുന്ന
സ്ഥലത്തേക്കുതുണക്കാരെ! തുഴഞ്ഞുപോകാം.

---

* ശ്രീമതി സരോജിനീദേവിയുടെ ഒരു ഇംഗ്ലീഷ്കവിതയുടെ സ്വതന്ത്രതർജ്ജമ.

സഹോദരസ്നേഹിയായ ത്യാഗിവര്യൻ.

ഡേവിഡ് ഉസ്സാം.

(ആർ. മാധവപ്പൈ, തുറവൂർ.)

ലോകത്തിൽ പലരും മഹാന്മാരായിത്തീരാറുണ്ട്. അവർ സമകാലികന്മാരാൽ മാത്രമല്ല ഭാവിതലമുറകളിലും മുക്തകണ്ഠം കീർത്തിക്കപ്പെടാറുമുണ്ട്. മൺമയശരീരം മണ്ണിൽ ലയിച്ചാലും അവർ യശഃശരീരികളായി ലോകത്തിൽ വിളങ്ങുന്നു. ഹരിശ്ചന്ദ്രന്റെ കാലത്തെ ലോകം അനവധി നൂററാണ്ടുകൾക്കു പിന്നിൽ തള്ളിവിട്ടു കഴിഞ്ഞു. എന്നിട്ടും ഇന്നും ആ സത്യസന്ധൻ നമ്മുടെ കൺമുമ്പിൽ ജീവിക്കുന്നതുപോലെ നമുക്കു തോന്നുന്നു. മഹാന്മാർ മരിക്കുന്നില്ല എന്നുള്ള പണ്ഡിതമതം എത്രയും അർത്ഥവത്താണ്. അതു് ഇത്തരക്കാരെ സംബന്ധിച്ചിടത്തോളം അക്ഷരംപ്രതി പരമാർത്ഥവുമാകുന്നു. ഇനി വേറൊരുതരം "മഹാന്മാ"രുണ്ട്. അന്തേവാസികളാലും സ്നേഹിതന്മാരാലും അവർ ഉയർത്തപ്പെടുന്നു. കല്പിച്ചുകൂട്ടി പ്രവർത്തിച്ചതിന്റെ ഫലമായോ അഥവാ വിധിവശാലോ ലോകത്തിന്റെ ആകമാനമുള്ള ശ്രദ്ധ അവരുടെ നേർക്ക് തിരിയത്തക്ക വിധത്തിലുള്ള ചില സംഭവങ്ങൾ ഉണ്ടാകുന്നു; അവർ വിഖ്യാതരായിത്തീരുന്നു. പക്ഷെ, ആ വിഖ്യാതിയെല്ലാം അവരുടെ ജീവിതാവസാനത്തിനു മുൻപായിത്തന്നെ നശിച്ചുപോയി എന്നു വരാം. ഇക്കൂട്ടരുടെ മഹത്വം വളരെ കുറച്ചുകാലത്തേയ്ക്കു മാത്രമേ നിലനില്ക്കുന്നുള്ളു. ഈ രണ്ടിനത്തിലും പെടാത്ത മൂന്നാമതൊരു കൂട്ടരുണ്ട്. അവർ യഥാർത്ഥത്തിൽ ലോകവിഖ്യാതരായിത്തീരുവാൻ അർഹതയുള്ളവരാണ്. പക്ഷെ, പരിതഃസ്ഥിതികൾ അവർക്കനുകൂലമായി നില്ക്കുന്നില്ല. കടുകോളമുള്ള മഹത്വത്തെ കുന്നുപോലാക്കി ഉയർത്തിക്കാണിക്കുവാൻ ത്രാണിയുള്ള സ്നേഹിതന്മാർ അവർക്കില്ല; രാജാധികാരസ്ഥാനങ്ങളിൽനിന്നും സ്ഥാനമാനങ്ങൾ കൈക്കലാക്കുന്നതിനുള്ള സ്വാധീനശക്തിയും അവർക്കില്ല. അവരുടെ പ്രവൃത്തികൾ ഒന്നാംകിടയിൽ നിൽക്കുന്ന മഹാന്മാരുടേതിനേക്കാൾ മഹത്വമുള്ളവയായിരിക്കുമെങ്കിലും അതു് ലോകത്തിൽ അധികമാരും അറിയുകയില്ല. ലോകത്തിന്റെ ഇടുങ്ങിയ കോണുകളിൽ ഇത്തരം മഹാന്മാർ എത്രയോലക്ഷം ജനിക്കുകയും മരിക്കുകയും ചെയ്യുന്നു! അവരുടെ സൽപ്രവൃത്തികളെപ്പററി അറിയുന്നതു് കഷ്ടിച്ച് അവരുടെ ചുററുപാടുമുള്ളവർ മാത്രമാണ്,

ഈ മൂന്നാംതരക്കാരുടെ കൂട്ടത്തിൽപ്പെട്ട സാധുവായ ഒരു തൊഴിലാളിയുടെ സഹോദരസ്നേഹത്തേയും തന്മൂലം പ്രത്യക്ഷപ്പെട്ട ത്യാഗശീലത്തേയും പററി ഇവിടെ അല്പം പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. ബ്രിട്ടനിലെ ഏററവും ധീരനായ യുവാവു് എന്ന പേരിനാൽ അറിയപ്പെടേണ്ട ആ തൊഴിലാളിയുടെ നാമധേയം ഡേവിഡ്ഉസ്റ്റാം എന്നാണു്. അദ്ദേഹം ഒഗ്മോർവെയ്ല പട്ടണത്തിൽ ഹൈസ്ട്രീററിലാണു പാക്കുന്നതു്. ഇതുവരെയും ഇരുപത്തിയഞ്ചു വയസ്സുപോലും പൂർത്തിയായിട്ടില്ലാത്ത ഒരു യുവാവത്രെ ആ ത്യാഗിവര്യൻ

ഡേവിഡിനു ഡോറിസ് എന്നൊരു സഹോദരിയുണ്ടു്. വിവാഹിതയായ അവർ ഒരു ദിവസം അടുപ്പിനടുത്തിരുന്നു് കുട്ടിയെ കളിപ്പിക്കുമ്പോൾ പെട്ടെന്നു് അവരുടെ വസ്ത്രങ്ങളിൽ തീപിടിക്കുകയും രക്ഷാമാർഗ്ഗം കാണാതെ അവർ മുറവിളികൂട്ടുകയും ചെയ്തു. സമീപസ്ഥർ സഹായത്തിനായി ഓടിയെത്തുന്നതിനു മുൻപിൽ അവരുടെ പുറം അത്യധികമായി കരിഞ്ഞുപോയി. ഉടനെ ഡോക്ടറെ വരുത്തുകയും അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചു് ഡോറിസിനെ കാർഡിഫ് റോയൽ ആസ്പത്രിയിലേക്കു കൊണ്ടുപോവുകയും ചെയ്തു. വിദഗ്ദ്ധന്മാരായ ഡാക്ടർമാരുടെ പരിചര്യയിൽ അങ്ങനെ കുറേദിവസങ്ങൾ കഴിഞ്ഞുകൂടി. പക്ഷെ, ഔഷധപ്രയോഗംമാത്രംകൊണ്ടു് ഭേദപ്പെടുത്താൻ സാധിക്കാത്തവിധത്തിൽ, അവൎക്കുപററിയ കേടു് കുറേ കടന്നതായിരുന്നു. ചുമലിൻെറ സ്ഥാനത്തു് കത്തിക്കരിഞ്ഞ ഒരു മാംസപിണ്ഡം മാത്രമേ ശേഷിച്ചിരുന്നുള്ളു. ഡോറിസിനെ രക്ഷിക്കുന്നതിനു ഒരു മാർഗ്ഗമേ ശേഷിച്ചിട്ടുള്ളുവെന്നു് അവസാനം ഡാക്ടറന്മാർ അഭിപ്രായപ്പെട്ടു. വേറെ ഏതെങ്കിലും ഒരാളുടെ ശരീരത്തിൽനിന്നും കുറേ തൊലി മുറിച്ചെടുത്തു് രോഗിയുടെ പുറത്തുവെച്ചു തയ്ക്കുക എന്നുള്ളതാണു് ആ മാർഗ്ഗം. അതു പ്രയോഗിച്ചിട്ടെങ്കിലും അവരെ രക്ഷിക്കണമെന്നു് ഡാക്ടർമാർ തീരുമാനിച്ചു. തീരുമാനം എളുപ്പത്തിൽ കഴിഞ്ഞു, പക്ഷെ ആ തീരുമാനം പ്രായോഗികമാക്കേണ്ടതിനെപ്പററി ചിന്തിച്ചപ്പോഴാണു് ഒരു വലിയ പ്രതിബന്ധം പ്രത്യക്ഷപ്പെട്ടതു്. രോഗിയുടെ പുറത്തു തുന്നിപ്പിടിപ്പിക്കുന്നതിനാവശ്യമുള്ള തൊലി എവിടേനിന്നാണു കിട്ടുക? തൻെറ ശരീരത്തിൽനിന്നും ആവശ്യമുള്ളിടത്തോളം തോൽ മുറിച്ചെടുക്കുവാൻ ആരാണു സമ്മതിക്കുക?

ആരോഗ്യഹീനരായ ആളുകൾക്കുവേണ്ടി സ്വന്തരക്തം പകർന്നുകൊടുക്കാൻ സന്നദ്ധതയുള്ള പലരും ഇപ്പോൾ പാശ്ചാത്യരാജ്യങ്ങളിൽ ഉണ്ടു്. അതിലേക്കു് വലിയ തുകകൾ പ്രതിഫലമായി കിട്ടുമെന്നുള്ളതിനാൽ രക്തദാനം ഒരു തൊഴിലായിത്തന്നെ ചിലർ സ്വീകരി

ച്ചിരിക്കുന്നു. ഇതേവിധത്തിൽ മററുള്ളവർക്കുവേണ്ടി സ്വന്തശരീരത്തിൽനിന്നും തോൽ മുറിച്ചുകൊടുക്കുവാൻ തയാറുള്ളവരായും ചിലരെ കണ്ടേയ്ക്കാം. പക്ഷെ, അതിനു ഭീമമായ ഒരു തുക പ്രതിഫലമായി കൊടുക്കേണ്ടിവരും. ആരുടെ ശരീരത്തിൽനിന്ന് തോൽ മുറിച്ചെടുക്കുന്നുവോ അയാൾക്ക് അതുമൂലം മരണംകൂടി സംഭവിക്കാവുന്നതാകയാൽ അസാധാരണമായ ഒരു പ്രതിഫലത്തിന്മേലല്ലാതെ ആരുംതന്നെ അതിനു സന്നദ്ധരാകുന്നതല്ല. സാധുവായ ഡോറിസ് എങ്ങനെയാണ് ഒരു വലിയ സംഖ്യ പ്രതിഫലം കൊടുപ്പാൻ ശക്തയാകുന്നതു്? ഈ സ്ഥിതിക്ക് തങ്ങളുടെ അഗ്രഹം ഏതുവിധത്തിലാണു നിറവേററാൻ സാധിക്കുക എന്നറിവാൻ നിവൃത്തിയില്ലാതെ ഡാക്ടർമാർ വിഷമിച്ചു.

ഈ വിവരം ഡേവിഡ് ഉസ്സാമിനു അറിവുകിട്ടി. ഓക്സ്ഫോർഡിനടുത്തുള്ള ഒരു ഖനിയിൽ തനിക്കുണ്ടായിരുന്ന ജോലി, സാമ്പത്തികാധഃപതനം നിമിത്തം പിരിച്ചുവിടപ്പെട്ടവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടതുമൂലം നഷ്ടപ്പെട്ട് ഡേവിഡ് സ്വഗൃഹത്തിൽ സ്വസ്ഥനായി താമസിക്കുന്ന കാലമായിരുന്നു അതു്. സ്വന്ത സഹോദരിക്കുവേണ്ടി ഒരു ത്യാഗം അനുഷ്ഠിക്കുന്നതിനുള്ള ഭാഗ്യം തനിക്കുതന്നെ സിദ്ധിക്കണമെന്നുള്ള വിചാരത്തോടുകൂടി ഉസ്സാം ഉടനെ ആസ്പത്രിയിലേക്കു തിരിച്ചു. തുകൽ മുറിച്ചെടുക്കുവാനുള്ള സൗകര്യം ഏതുവിധത്തിലാണുണ്ടാവുക എന്നു നിശ്ചയമില്ലാതെ വിഷമിച്ചിരുന്ന ഡാക്ടർമാരുടെ അടുത്തുചെന്ന് ആ ഭാഗ്യം തനിക്കുതന്നെ നൽകണമെന്ന് ഡേവിഡ് അഭ്യർത്ഥിച്ചു. ഡാക്ടർമാർ ആശ്ചര്യഭരിതരായി. അപായകരമായ ഒരു കാര്യത്തിൽ അറിഞ്ഞുകൊണ്ടുതന്നെ ഒരാൾ എടുത്തുചാടുകയോ? ഇങ്ങനെയുള്ളയാളുകൾ ഈ ഇരുപതാംനൂററാണ്ടിലും ശേഷിച്ചിട്ടുണ്ടെന്നോ? അവർക്കുണ്ടായ സന്തോഷത്തിന് അതിരില്ല.

സഹോദരിക്കുവേണ്ടി അനുഷ്ഠിക്കുവാൻപോകുന്ന ഈ ത്യാഗം ഡേവിഡിനെ അത്യാപല്ക്കരമായ ഒരു സ്ഥിതിയിലാക്കിത്തീർക്കുമെന്ന് അവർ ആ സഹോദരനോടു പറഞ്ഞു് ഭവിഷ്യത്തുകളെല്ലാം വേണ്ടവിധം വ്യക്തമാക്കപ്പെട്ടു. ഇതുകൊണ്ടൊന്നും ഡേവിഡ് പിൻവാങ്ങിയില്ല. ശസ്ത്രക്രിയമൂലം ഡേവിഡിനെ സംബന്ധിച്ചിടത്തോളം വല്ല അപകടങ്ങളും സംഭവിക്കുകയാണെങ്കിൽ അതിൽ തങ്ങൾക്കൊന്നും ചെയ്യാൻ സാദ്ധ്യമാകയില്ലെന്നുംകൂടി ഡാക്ടർമാർപറഞ്ഞു. "ഞാൻ ഇത്തരം ഒരു ആപൽഘട്ടത്തിൽ അകപ്പെട്ടിരുന്നെങ്കിൽ എന്റെ സഹോദരി എനിക്കുവേണ്ടി ഇത്തരം ഒരു ത്യാഗത്തിന് കീഴ്പ്പെടുമായിരുന്നു" എന്നു മാത്രമേ ഡേവിഡ് അതിനു മറുപടിയായി പറഞ്ഞുള്ളു.

അദ്ദേഹത്തെ ആ ഉദ്യമത്തിൽനിന്നു പിൻതിരിക്കുവാൻ പല സുഹൃത്തുക്കളും ആവുംവിധമെല്ലാം ശ്രമിച്ചുനോക്കി. പക്ഷെ, അസഹ്യമായ വേദന അനുഭവിച്ചുകൊണ്ടു് ആസ്പത്രിയിൽ കഴിച്ചുകൂട്ടുന്ന സഹോദരിയുടെ ദയനീയമായ ചിത്രം അദ്ദേഹത്തിന്റെ ഹൃദയദർപ്പണത്തിൽ പ്രതിബിംബിച്ചുകൊണ്ടിരുന്നതിനാൽ അവരുടെ പരിശ്രമങ്ങളെല്ലാം വ്യർത്ഥമായിത്തീരുകതന്നെയാണുണ്ടായതു്.

ശസ്ത്രക്രിയയ്ക്കുള്ള ദിവസം നിശ്ചയിക്കപ്പെട്ടു. ഒഗ്മോർവെയിലിൽനിന്നു് കാർഡിഫ്‌വെയ്ല്സ് 28 മൈൽ ദൂരമുണ്ടു്. ഏതെങ്കിലും ഒരു വാഹനം പിടിച്ചു് അത്രയും ദൂരം യാത്രചെയ്യുവാൻ ഡേവിഡിന്റെ ധനസ്ഥിതി അനുവദിക്കുന്നില്ല. ഭാഗ്യവശാൽ ഒരു പഴയ സൈക്കിൾ അദ്ദേഹത്തിനു കിട്ടി: നിശ്ചിതദിവസം രാവിലെ ഡേവിഡ് ആ സൈക്കിളിൽ കയറി യാത്രചെയ്തു് ആസ്പത്രിയിൽ എത്തി. എല്ലാം കഴിഞ്ഞപ്പോൾ വെള്ളത്ത വസ്ത്രങ്ങൾ ധരിപ്പിച്ചു് ഡേവിഡിനെ ശസ്ത്രക്രിയയ്ക്കുള്ള മേശമേൽ മലർത്തിക്കിടത്തി, കൈകാലുകൾ അനക്കുവാൻ സാധിക്കാത്ത വിധത്തിൽ ഓരോ സ്ഥലത്തു് ബന്ധിക്കപ്പെട്ടു. അടുത്തുതന്നെ ഒരു കട്ടിലിന്മേൽ ഡോറിസ് കമിഴ്ന്നുകിടക്കുന്നുണ്ടായിരുന്നു. നിശ്ചയിക്കപ്പെട്ട സമയമായപ്പോൾ ഡാക്ടർ മാർട്ടിൻ ശസ്ത്രക്രിയ ആരംഭിച്ചു. ഡേവിഡിന്റെ തുടകളിൽനിന്നും നാലും അഞ്ചും ഇഞ്ചു വ്യാസംവരുന്ന തോൽക്കഷണങ്ങൾ മുറിച്ചെടുത്തു് [illegible] ഡോറിസിന്റെ പുറത്തുവെച്ചു് തുന്നിപ്പിടിപ്പിച്ചു. ഈ ജോലി ഏകദേശം എഴുപതു മിനിട്ടുനേരത്തോളം നീണ്ടുനിന്നു. ഡാക്ടർ മാർട്ടിന്റെ കൃത്യനിർവ്വഹണത്തിൽ ശ്രദ്ധിച്ചും, വേദനകൊണ്ടു് താനറിയാതെതന്നെ കരച്ചിൽ പൊട്ടിപ്പുറപ്പെടാതിരിക്കുന്നതിനുവേണ്ടി ചുണ്ടുകൾ ബലമായി കടിച്ചുപിടിച്ചും അത്രയും നേരം ഡേവിഡ് കഴിച്ചുകൂട്ടി. കടിയുടെ ശക്തികൊണ്ടു് അദ്ദേഹത്തിന്റെ ചുണ്ടുകളിൽനിന്നും ചോര പ്രവഹിച്ചുകൊണ്ടിരുന്നുവത്രെ! ഡേവിഡിന്റെ ഈ ധീരത മെഡിക്കൽവിദ്യാർത്ഥികളെ ആശ്ചര്യപരതന്ത്രരാക്കിത്തീർത്തു.

ശസ്ത്രക്രിയ കഴിഞ്ഞശേഷം മുറിവുകളെല്ലാം വെച്ചുകെട്ടി ഡേവിഡിനെ പുറത്തേക്കു വിട്ടു. സാവധാനത്തിൽ നടന്നുചെന്നു് സൈക്കിളിന്മേൽ കയറി ആ ധീരൻ അന്നുതന്നെ സ്വഭവനത്തിൽ തിരിച്ചെത്തി. 28 മൈൽ ദൂരത്തിലുള്ള ആ സൈക്കിൾസവാരി—ഹാ! ഡേവിഡ് അതിധൈര്യവാൻതന്നെ. മുറിവുകളെല്ലാം ഉണങ്ങി ക്രമത്തിൽ സുഖം പ്രാപിച്ചുവരുന്ന സഹോദരിയുടെ ചിത്രം ഹൃദയമുകുരത്തിൽ കണ്ടുകൊണ്ടു് ആ യുവാവു് ചരിതാർത്ഥനായി.

ഏതാനും മാസങ്ങൾകൊണ്ടു മാത്രമേ ഡേവിഡിന്റെ തുടകളിന്മേലുണ്ടായ മുറിവുകളെല്ലാം ഉണങ്ങിയുള്ളു. ഏകദേശം ആ ഘട്ടമായപ്പോൾ സഹോദരിക്കുവേണ്ടി ഉത്തരം ശസ്ത്രക്രിയ ഒരിക്കൽകൂടി ആവർത്തിക്കേണ്ടതായി വന്നു. ഡേവിഡ് ഇത്തവണയും സന്തോഷപുരസ്സരം അതിനു വഴിപ്പെട്ടു. ആസ്പത്രിയിലേക്കുള്ള യാത്രയും മടക്കവും പഴയ സൈക്കിളിൽത്തന്നെ; പിന്നീടു അഞ്ചുപ്രാവശ്യംകൂടി ശസ്ത്രക്രിയ ആവർത്തിച്ചു നടത്തപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ ഡേവിഡിന്റെ ശരീരത്തിലെ തോൽ മുഴുവൻതന്നെയും എടുക്കേണ്ടിവന്നു എന്നുതന്നെ പറയാം. ഇത്ര വലിയ ത്യാഗത്തിനു താൻ വഴിപ്പെടേണ്ടിവന്നു എങ്കിലും അതുകൊണ്ടു തന്റെ സഹോദരി രക്ഷപ്പെട്ടുവാൻ ഇടയായല്ലോ എന്നുള്ളതിൽ ഡേവിഡിനു് അളവില്ലാത്ത സംതൃപ്തിയുണ്ടായി. ഇക്കാലത്തു് എങ്ങും കാണ്മാൻ നിവൃത്തിയില്ലാത്ത വിധത്തിലുള്ള സഹോദരസ്നേഹവും ത്യാഗശീലവും ധീരതയും പ്രദർശിപ്പിച്ച ഈ യുവാവു് യഥാർത്ഥത്തിൽ ഒരു മഹാനല്ലയോ? അദ്ദേഹത്തെപ്പററി അറിഞ്ഞിട്ടുള്ളവരോ, അദ്ദേഹത്തിന്റെ ഏതാനും ബന്ധുക്കളും കാർഡിഫ് ആസ്പത്രിയിലെ ചില ഡോക്ടർമാരും മാത്രം. ഇത്തരം മഹാത്മാക്കൾ ലോകത്തിന്റെ ഓരോ ഭാഗത്തും എത്രയെത്ര ജനിക്കുകയും മരിക്കുകയും ചെയ്യുന്നു! അവരെപ്പററി ശരിക്കറിയുന്നവർ എത്ര ചുരുക്കം.

അഗസ്ത്യരാമായണം.

കേരളഭാഷാഗദ്യം. (ഹാഫ്ടോൺപടങ്ങളോടുകൂടിയതു്)

സാക്ഷാൽ അഗസ്ത്യമഹർഷിയാൽതന്നെ പറയപ്പെട്ടിട്ടുള്ളതും ശ്രീരാമചരിതം ആദ്യവസാനം അടങ്ങിയിരിക്കുന്നതും ആയ ഈ മഹാഗ്രന്ഥത്താൽ ഇതരരാമായണങ്ങളിൽ സംഗ്രഹിക്കപ്പെട്ടിട്ടില്ലാത്ത അനേക സംഗതികളും അത്ഭുതകഥകളും കാര്യകാരണബന്ധത്തോടു സംഘടിപ്പിച്ചു ചേർത്തിട്ടുള്ളതും ഏററവും ലളിതമായ ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതുമായ ഈ പുസ്തകം ഒന്നുക്കു വില രൂപാ 1 അണ 8. ടി ലൈബ്രറിപ്പതിപ്പു് 2 രൂപാ.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

ചാരിത്രം.

(പെരുമ്പളം സി. ജി. രാമകൃഷ്ണപ്പണിക്കർ.)

(തുടർച്ച.)

വൈദ്യൻ പറഞ്ഞുകൊടുക്കുന്ന കഥകൾ മനസ്സിൽ പതിക്കുകയും അവ ചുററും നടക്കുന്ന സംഭവങ്ങളുമായി താരതമ്യവിവേചനം നടത്തി ലോകത്തിന്റെ ഗുണദോഷവശങ്ങൾ അറിഞ്ഞു് അവർ ജീവിക്കാൻ തുടങ്ങി. ദിവസത്തിന്റെ അധികഭാഗവും ശ്യാമയേയും വീരേന്ദ്രനേയും ഒന്നിച്ചു കാണാം. വിദ്യാഭ്യസ്തന്മാരെന്നു് ഭാവിക്കുന്ന പരീക്ഷാവിജയികളെ തന്നെയും അതിശയിപ്പിക്കുന്ന ഹൃദയവികാസം അവർ സമ്പാദിച്ചിരുന്നു. അത്രയ്ക്കു് വർദ്ധിച്ച ബുദ്ധിശക്തിയും, ചിന്താശീലവും വിധാതാവു നൽകിയിരുന്നു. തങ്ങളുടെ കുടുംബത്തിനു് നേരിട്ടിരിക്കുന്ന ഭയങ്കരമായ മഹാവ്യാധിയുടെ ഭാവിയിൽ അവർ സദാ ദുഃഖിതരായിക്കാണാം. പക്ഷെ ചികിത്സയ്ക്കുതക്ക "വൈദ്യനെ" കണ്ടുപിടിക്കുന്നതിനു് രണ്ടുപേരും മനസ്സുകൊണ്ടു് പ്രവർത്തിച്ചിരുന്നു. ഹാ! ആ വൈദ്യൻ "ഈശ്വരവൈദ്യന"ല്ലാതെ മററാരാണു്? അവൾക്കു് ഒരു മാർഗ്ഗം തെളിഞ്ഞു കണ്ടതായി മുഖകമലം വിളിച്ചുപറഞ്ഞു!! രണ്ടുപേരുംകൂടി ഒളിച്ചു ഓടുകതന്നെ! ഛേ! അതൊരിക്കലും യോജിച്ചതല്ല. "ഈ കുട്ടരെ" മര്യാദ പഠിപ്പിക്കാതെ വിട്ടയച്ചാലോ? ഹാ! ആ യുവകേസരിയുടെ ശക്തിയുക്തമായ വാക്കുകളിൽ ശ്യാമയ്ക്കു് അളവററ ആനന്ദം അങ്കുരിച്ചു! അയ്യാളുടെ നയനങ്ങളിൽ മിന്നിത്തിളങ്ങിയിരുന്ന പൌരുഷമല്ലേ അവയ്ക്കു നിദാനം! ഇന്നുവരെ ശ്യാമയ്ക്കറിയാൻ കഴിയാത്ത ഒരു ഗൂഢശക്തി തന്റെ സഹോദരനിൽ നിക്ഷിപ്തമായിട്ടുണ്ടെന്നവൾ പ്രകൃതിജമായ അന്തക്ഷരസാഹ്യം നോക്കിക്കണ്ടറിഞ്ഞു!! അവൾ സർവ്വസാക്ഷിയെ കരമുകുളം അർച്ചിച്ചു് ആരാധിച്ചു.

ഉണ്ടാകാനിരിക്കുന്ന ഭാവിയുടെ ഭയങ്കരത കാത്തു്, അധൈര്യപ്പെടാതെ ശ്യാമ ഉറച്ച ഹൃദയത്തോടും നിറഞ്ഞ ഹർഷത്തോടും "വീരാ! നമുക്കു് ദൈവം ഉണ്ടു്. നമ്മുടെ വിശ്വാസത്തെ—ആത്മാവിന്റെ ഉറച്ച വിശ്വാസത്തെ—നാം പാലിക്കണം." അതിനുവേണ്ടി ജീവൻ വേണമെങ്കിലും സർവ്വസാക്ഷിയുടെ മുമ്പിൽ സാന്മാർഗ്ഗികമായ ബലിക്കല്ലിൽ, ജീവൻ വേണമെങ്കിലും അർപ്പിക്കാൻ നമുക്കു തയ്യാറാവാം. ഈ അന്തരീക്ഷത്തിൽ പടർന്നുപിടിച്ചിരിക്കുന്ന ഭയങ്കര

മായ ദുരാഗ്രഹരക്ഷസ്സിന്റെ വായിൽനിന്നും നീക്കുക രക്ഷയുണ്ട്!! വീര! അവസാനമാണെങ്കിൽ നമുക്ക് ഒരുമിച്ച്! ഉല്ലസിച്ച് രസിച്ച് ജീവിക്കാം.

5

നേരം അർദ്ധരാത്രിയായി. ഉരുക്കിയൊഴിച്ച വെള്ളിനീർ പോലെ ഭൂമിയെങ്ങും, നിലാവർഷം പൊഴിഞ്ഞു. കലാനാഥൻ ഉദിച്ചുയർന്ന് മദ്ധ്യത്തോടടുത്തു. സാത്വികസംസ്കൃതിയുടെ, അത്യുന്നതയിൽ, ലയിക്കാൻ അത്യന്തം പ്രചോദനമാകർഷകമായ ഈ പതനം, അക്രമത്തിനും അതിക്രമത്തിനും മനുഷ്യർ ഉപയോഗിക്കുന്നതും! മറ്റൊരു പതനമെന്ന്! സമാധാനിക്കേണ്ടതുള്ളൂ!! ആകാശപ്പൊയ്കയിൽ, വിടർന്നു വികസിക്കുന്ന വെൺതാമരപ്പൂവിന്റെ പ്രകാശം കാണാതെ പിശാചിയെപ്പോലെ, ഏതാണ്ടൊരു വശ്യതയാൽ പടിപ്പുരമുറിയിൽനിന്നും പ്രധാന കെട്ടിടത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ആ ദീർഘകായന്റെ വിറയ്ക്കുന്ന കൈകാലുകളും, തുടിക്കുന്ന രക്തത്തിന്റെ ഗതി വേഗത്തിൽ മിടിക്കുന്ന ഞരമ്പിന്റെ "കിടുംകിടും" ശബ്ദവും, എന്നും കേട്ടും കലാനാഥന്റെ താരകവൃന്ദം ആ തോപ്പിന്റെ മധ്യത്തിലുള്ള ആ വാടികാമധ്യത്തിലെ പാതയുടെ ഇരുവശങ്ങളിലും നിന്ന് "വെളുപ്പിച്ചും ചുവപ്പിച്ചും" പുച്ഛരസത്തിൽ മന്ദഹസിക്കുന്നുണ്ട്. ചുവന്ന കുസുമങ്ങളുടെ ചെഞ്ചോരനിറം കാണുമ്പോൾ, ഭയംകൊണ്ട് അത്യന്തം വിവശനാകുമ്പോൾ, വെളുത്ത മലരിന്റെ പുഞ്ചിരിപ്പൂം തെന്നലിൽ പെട്ടെന്നയാൾ മലച്ചുപോകും. എന്തിന് അയാളുടെ —അബ്ദുൾഹാസറുടെ ആശാനുകൂലമായ ആ പുഞ്ചിരി അയാളെ ധൈര്യപ്പെടുത്തി മുന്നോട്ടുനയിച്ചു. താൻ ആഗ്രഹിച്ച് നിഷ്പ്രയാസം കയ്യിൽ കിട്ടിപ്പോയ കനകത്തെ എറിഞ്ഞു കളയാതെ, ആരാണനുഭവിക്കാതിരിക്കുന്നത്? ഏതോ ഒരു ഗുപ്തശക്തിയുടെ "അരുതരുത്" എന്ന് തുരുതുരെ വിളിക്കുന്ന ശബ്ദജാലം ഞരമ്പുകളുടെ പടഹധ്വനിയുമായി കൂട്ടിമുട്ടിയതല്ലാതെ, ആശയെ വെല്ലുവിളിക്കാനോ? ജയിക്കാനോ സാധ്യമായില്ല.

ഹാ! ആ ചെഞ്ചോരവായ്ക്കുന്ന പൂമൊട്ടുകളുടെ അരുതരുതേ! എന്ന നിശ്ശബ്ദപ്രവാഹം, അയാൾ കേട്ടില്ല. കയ്യിൽ കിട്ടിപ്പോയ കനകത്തിന്റെ കൺമയക്കുന്ന കൺകെട്ടിൽ ഭ്രമിച്ചു പോകും. എന്തിന് ആ പട്ടക്കുറ്റൻ, ആഗ്രഹിച്ച മണിയറയിൽ—അതോ! ഒരു ദേവനാരിയുടേതുതന്നെ!—ചെന്നെത്തി.!! അതാ! ഒരു തരുണി തങ്കക്കോപ്പുകളണിഞ്ഞു, കട്ടിലിൽ പട്ടുകിടക്കവിരിച്ച്, അതിൽ സ്വസ്ഥശയനമുറയിൽ ലയിച്ചുകിടക്കുന്നു. ഇത്തരുണത്തിൽ ഹാസരുടെ മനം

—ആ ചാരിത്രകബളം വിഴുങ്ങിയുടെ കാമന്റെ കടുംതുടികൊട്ടുന്ന ഹൃദയത്തെ,—തണുപ്പിച്ചു! ഫാസർ താൻ സേവകപ്പരിഷകളോടു കല്പിച്ചതല്ല "അശാഫലം" തന്റെ "വായ്മൂരി"കിൽ എത്തിയിരിക്കുന്നു. താൻ എന്തു വേണമെങ്കിലും ചെയ്തുകൊള്ളു: പക്ഷേ തനിക്കു താൻ തന്നെ കണ്ണകേടോലിയകേരുതു്!!

ഫാസരഖാൻ പരിതഃസ്ഥിതികളുടെ പ്രകൃതിജമായ ഗൌരവം മറന്നു്, നാശത്തിന്റെ അരികിലെത്തി! അതാ അവിടവും മറന്നു, "കന്നേകന്നു്, ഒരുമാത്രം" മിന്നമിന്നെ മിന്നുന്ന കനൽപൊരി അയ്യാളുടെ കണ്ണും കരളും കവന്നു് "മദനന്റെ" അഴിയിൽ പുകയാറായ ആ വൃകോദരൻ സർവ്വവും വിസ്മരിച്ചു് തന്റെ അടിമത്വം അടിയറ വച്ചു സാമ്രാജ്യാധിപന്റെ ചെങ്കോൽ പിടിച്ചു സത്യംചെയ്തു. ഹാ! തന്റെ സമ്രാട്ടു് ഇരുന്നരുളുന്ന പീഠത്തിൽകിടന്നുറങ്ങുന്ന "രതിദേവി"യുടെ കണ്ണുകളിൽ അനുഭൂതിപ്രജ്ഞയാലെന്നപോലെ, ആസന്ന സമ്മർദ്ദനത്താൽ ഞെട്ടിഉണർന്ന ആ ഉറക്കക്കാരി ദേവി ചാടി എണീറ്റു് മഞ്ചത്തിന്റെ മറുവശം മറിഞ്ഞു. വാരിയെടുത്ത ചേലയുടെയിടയിൽ നിഴലിച്ചുകണ്ട കാന്തിപ്രവാഹം ചുഴററി ആ മദനനു് മത്തുപിടിച്ചു. എങ്കിലും, ഭയമദനപരവശനായ അയ്യാൾക്കു് അനന്തരത്തെ പട്ടടയാടപോലും ചലിക്കുന്ന ശബ്ദജാലം സംഭ്രമത്തെ വർദ്ധിപ്പിച്ചു. ഈ മദനനും, ആ രതിയുമായി ഒരു പോരാട്ടം. രതി മദനനു് വഴിപ്പെട്ടില്ല. അവൾ രതിഭാവം വിട്ടു് സിംഹിയുടെ പരാക്രമഭാവം കൈക്കൊണ്ടു. സിംഹിയുടെ ഇളംകൈകൾ കാരിരുമ്പിനു സമാനമായ ഹസ്തമുസലത്തിൽ അമർന്നു പോയി! രതിപോയി സിംഹിയായി! അവിടവും വിട്ടു് മാൻപേടയായി അമഴ്ന്നുകൊടുത്തു! എത്രയും കരുണാർദ്രമായ ആ കാന്തിപ്രവാഹച്ചുഴി ദർശിക്കുവാനോ? അവിടം അടിമപ്പെടാനോ? ആ മദനരാക്ഷസനു് എങ്ങിനെ കഴിയും?

ആ രാക്ഷസപരാക്രമി തന്റെ ഹസ്തവുമായി ഗോപുരദ്വാരത്തിലെത്തി—ഇല്ല! അതാ! അയ്യാൾ പുറകോട്ടേന്നു് എത്തിനോക്കിപ്പോകുന്നു! മനുഷ്യപാദസ്പർശനത്താൽ തിരിഞ്ഞുനോക്കിപ്പോയ ഫാസരുടെ മുമ്പിൽ, "ഒരു ചെയിത്താൻ" ഹാ! ഫാസരൊന്നമ്പരന്നു!

"ഫാസർ! ഈ അസമയത്തു കന്യകാന്തഃപുരത്തിൽ കയറിയിരിക്കുന്നതു "ഔചിത്യമൊ?"

ഫാസർ—ഛീ! നായിന്റമോനെ! ഞമ്മളെട്ടെ ചോറുതിന്നുന്നവൻ മേക്കിട്ടു കേറുണൊ?

യുവാവ്—മര്യാദകേടിന്റെ പ്രത്യുത്തരം എന്തെന്ന് ഒരു മുസൽമാന് അറിവുള്ളതാണല്ലൊ?

ഫാസർ—ഫൂ! ചെയ്ത്താന്റെ മോനെ!

കാമസാമ്രാജ്യാധിപന്റെ സാമന്തരാജനായ മദനാനിലൻ ഹൃദയസിരകളെ കത്തിക്കാളിക്കുന്ന ആ അകത്ത് മറെറാരു സാമന്തനായ മദ്യരാജന്റെ സംഘട്ടനംകൂടി അയാളത്തെ ധൈര്യമെന്താണ്. അടിയും കുഴഞ്ഞും തുപ്പിയും നാററിച്ചും, ഫാസർ ഒരുതരത്തിൽ കുഴഞ്ഞുകുഴഞ്ഞ് ഒരു കൊച്ചുകുഞ്ഞിനെപ്പോലെ രസിച്ച് പ്രതിദ്വന്ദ്വിയെ, കടന്നുപിടിച്ച് പിടിമുറുക്കി..........ആ സാധുശ്യാമ കയ്യാമത്തിൽ കുടുങ്ങിയ കയ്യോടെ പൂച്ചക്കുഞ്ഞിനു തുല്യം, അങ്ങുമില്ലാ ഇങ്ങുമില്ലാ എന്നമട്ടിൽ കുഴങ്ങിയെന്നുപറഞ്ഞാൽ കഴിഞ്ഞല്ലൊ? ഫാസരുടെ ബന്ധനാമബന്ധനങ്ങൾ അവൾക്ക് ചുട്ടുനീറുന്നവയായിരുന്നു.

യുവാവ്—ഫാസർ! നിങ്ങൾക്ക് ജീവിതത്തിൽ ആശയുണ്ടോ?

ഫാസർ—ഫൂ ഫോ നായിന്റെമോനെ ഫൂറത്ത്!!

യുവാവ് രോഷാകുലനായി. തന്റെ സഹോദരിയുടെ യൌവനവിശൃംഖലതയുടെ പ്രത്യക്ഷനിദർശനമായ വക്ഷോജ.....ഫാസരുടെ ഹസ്തമൃഷ്ടമായി—അതാ! ആ യുവകേസരിയുടെ നയനം ചെന്തീക്കണം ചിന്നിച്ചിതറിയ അഗ്നിസ്ഫുലിംഗംപോലെ അത്യന്തം ദീപ്തിമത്താകുന്നു. അയ്യാളുടെ കൈകൾ ഉടുവസ്ത്രച്ചുളിവിൽ, തിരുകിയിരുന്ന കഠാരിയുമായി താഡനം നടത്തി. അതാ! ഫാസരുടെ രോമരാജിപരിസേവ്യമായിരുന്ന നെഞ്ചിന്, അയ്യാളുടെ കഠാരി സ്വാഗതം പറയുന്നു.!!!

“ഹള്ളാ പടച്ചോനെ” എന്ന മുറവിളിയാൽ ഫാസർ പിടഞ്ഞെഴുന്നേൽക്കാൻ ഉററു ശ്രമിച്ച പതനം, ഹാ! അതേ ഒരൊററ നിമിഷംകൊണ്ടു്, കഠാരിയുടെ സ്വർണ്ണപ്പിടിമാത്രം ഒരു ഭൂഷണമായി ആ കറുകറുത്ത നെഞ്ചു് പാത്രമായി!!

യുവാവ്—ഫാസർ! ഒരു ഹൈന്ദവസ്ത്രീയെ മാനഭംഗം ചെയ്യാൻ തുടങ്ങിയാലത്തെ ഫലം അനുഭവിച്ചറിഞ്ഞുകഴിഞ്ഞൊ?

ഫാസർ—മാന്യയുവാവെ! പടച്ചോനെ വിശാരിച്ച് ഞമ്മട്ടെ പേരിൽ കാലുഷ്യം തോന്നരുതെ! ക്ഷമിക്കു! ക്ഷമിക്കു!

യുവാ—ഫാസർ! താൻ തന്റെ ഹള്ളായോടു പറയൂ! ഞാനാര്?

ഹാ! ആ ദീർഘകായൻ മലർന്നുകഴിഞ്ഞു. മിഴികളിടിഞ്ഞു! പോള അടഞ്ഞു! കൈകാൽ നിവന്നു! അന്ത്യശ്വാസം. ... ...

6.

വീരേന്ദ്രവിജയൻ ജയിലിലായി. പോലീസ്സ് ചാർജ്ജുചെയ്ത കൊലക്കേസ്സ് മജിസ്ട്രേട്ട സബ്ബ്കോടതിയിലേക്ക് അയച്ചു. അധികനാളത്തെ വിസ്താരത്തിനും ക്രാസ്സിനും ഇടവന്നില്ല. എങ്കിലും വീരേന്ദ്രൻെറ ഭാഗത്തു പണം ചിലവാക്കി കേസ്സു നടത്താൻ വൈദ്യൻെറ സഹായം വേണ്ടുവോളം ഉണ്ടായിരുന്നു. അയ്യാൾ കുററം തന്നെത്താൻ സമ്മതിച്ചുകൊടുത്ത സ്റേററുമെൻറ് ഇതായിരുന്നു.

"നാനാജാതിമതസ്ഥന്മാരായ സ്ത്രീപുരുഷന്മാരൊക്കെ നിറഞ്ഞിരുന്ന കോടതിയിൽ ഗംഭീരമായ ഒരു പ്രസംഗംതന്നെ ആയിരുന്നു അയ്യാൾ ചെയ്തിരുന്നത്?

"ഞാൻ ആ ഘാതകനെ വധിച്ചതു വാസ്തവംതന്നെ! എൻെറ സഹോദരി എൻെറ ജീവനാണു! അവൾ കന്യകയായിരിക്കുന്ന കാലത്തോളം, അവളുടെ രക്ഷാകർത്തൃത്വവും ഒരു പ്രകാരത്തിൽ എനിക്കും ഉണ്ടു്. മാതാവിൻെറ കയ്യിൽ ഒരു കിഴിനിറച്ചു പവനുമായി അടുത്തുകൂടി സഹോദരിയുടെ കിടപ്പറയിൽ അയ്യാൾ കടന്നുകൂടി. ഞാൻ അടുത്ത മുറിയിൽ ഒരു കാര്യവും വായിച്ചു്, സംഭവിക്കാൻ പോകുന്ന വിപത്തിനെ സൂക്ഷിച്ചു് വീക്ഷിച്ചിരിക്കുകയായിരുന്നു. അതെന്തെന്നു നേരത്തെ അറിഞ്ഞുകൂടായിരുന്നെങ്കിലും ഏതാണ്ടൊന്നു് ഗ്രഹിച്ചിരുന്നു. രാത്രി മണി ഒന്നുകഴിഞ്ഞിരുന്നു. അയ്യാൾ സ്പർശനത്തിൽ കൈകടത്തി, മാനഭംഗത്തിനു കയ്യോങ്ങി.

നേരത്തെ കരസ്ഥമാക്കിയിരുന്ന ഒരു കഠാരിയുമായി പുറകിൽ ചെന്നു് ഊക്കിൽ തറച്ചുകേററി; അയ്യാൾ മറിഞ്ഞുവീണു മരിക്കുകയും ചെയ്തു. ഹിന്ദുമതശാസനമനുസരിച്ചു് സ്ത്രീകളുടെ ചാരിത്രസംരക്ഷണാത്ഥം ജീവൻ വേണമെങ്കിലും നശിപ്പിക്കുന്നവനു് മുക്തിയുണ്ടെന്നുള്ള ഒരു വിശ്വാസമാണു്, എന്നെ ഈ പ്രവൃത്തിക്കു പ്രേരിപ്പിച്ചതു്? പോരെങ്കിൽ ഇത്തരക്കാർക്കു് എന്നും ഒരു പാഠമായിരിക്കണമെന്നുംകൂടി അഗ്രഹിച്ചിരുന്നു. വധശിക്ഷയ്ക്കു ഞാൻ പാത്രമാകുമെന്നു് എനിക്കറിയാം. എന്നാൽ എൻെറ വിശ്വാസം എന്നെ രക്ഷിക്കും. ഈ കുററത്തിനു് എനിക്കു മററാരും പങ്കാളികളുമില്ലെന്നു് സത്യംചെയ്തു ബോധിപ്പിക്കുന്നു.

യുവാവിൻെറ വാക്കുകളിൽ ന്യായാധിപനു് അയ്യാളറിയാതെ ബഹുമാനമുദിച്ചു. വെറും ഒന്നരവഷത്തെ തടവിനു വിധിയും പ്രസ്താവിച്ചു.

ഈ കഥയെല്ലാം സവിസ്തരം കേട്ടറിഞ്ഞ ആനന്ദഭായിയുടെ ഹൃദയം നീറിനീറിത്തുടങ്ങി. ജീവിതത്തിൻെറ മഹത്വം അറിയാ

തിരുന്ന ആ സുഖഭോഗലോലുപയുടെ ഹൃദയത്തിൽ തറയ്ക്കാൻ വീരേന്ദ്രന്റെ കഠാരിയുടെ കിലുക്കം മതിയായിരുന്നു. ആനന്ദയുടെ ഭൃതകാലാദ്ധ്യായങ്ങൾ അവൾ എണ്ണിയെണ്ണി വായിച്ചു. തന്റെ ചാരിത്രക്കോട്ട ദ്രവിച്ചുതുടങ്ങിയതും, ക്രമേണ ഇടിഞ്ഞുപൊടിഞ്ഞു തകർന്നുവീണതും അവൾ വായിച്ചറിഞ്ഞു. പശ്ചാത്താപംകൊണ്ടു് കണ്ണുകഴുകി, തെളിച്ചംകിട്ടിയ ആ കണ്ണുകൾ വീരേന്ദ്രനെ കാണാതെ മാൻപേടയെക്കാൾ അസ്വാസ്ഥ്യമായുഴന്നു.

തന്റെ ഭർത്താവിന്റെ മഹനീയ നിലയെ ഓർത്തു് അവൾ തന്റെ കുററം ഏററുപറഞ്ഞു് ക്ഷമായാചനം ചെയ്യാൻ മുതിർന്നു.

സായാഹ്നച്ഛായയ്ക്കു കോടതിപിരിഞ്ഞു വന്നെത്തിയ പ്രിയതമന്റെ കാലുപിടിച്ചു്, ആനന്ദം കരഞ്ഞുകരഞ്ഞു കണ്ണുപൊട്ടുമെന്നായി.

കാര്യത്തിന്റെ കാരണമെന്തെന്നന്ധാളിച്ച ന്യായാധിപൻ ഏതും സാധിക്കാനൊരുങ്ങി! ഇതല്ലേ ഒരു ഭർത്താവിന്റെ അവിവേകം! അയാൾ അവളുടെ മുഖത്തുനോക്കിയോ? അവിടെ പ്രകൃതി വരച്ചിരിക്കുന്ന ശ്രദ്ധചിത്രമെന്താണ്? അയാൾ ഇന്നുവരെയും കാണാൻ കഴിയാത്ത ഒരു ആനന്ദഭായി ആയിട്ടല്ലേ ഇന്നവളെക്കാണുന്നതു്? ഹാ! ലജ്ജമാനവും പശ്ചാത്താപവും അവളുടെ മുഖത്തു സ്ഫുരിച്ചു. മണ്ടത്തലയുടെ ഉള്ളില്ലാത്ത ആ ഉദ്യോഗസ്ഥപ്രഭു അതൊന്നും കാണുന്നില്ല. അസ്ഥാനത്തിലെ സ്നേഹപ്രകടനങ്ങൾ കൊണ്ടവളെ സമാശ്വസിപ്പിക്കുവാനാരംഭിച്ചു.

"കുററം തെററു് എന്നെല്ലാം അവൾ ഇടതൂർന്നു പൊഴിച്ചുവിട്ടു! അവൂ അവളുടെ നെടുവീർപ്പിന്റെ ഗൌരവംപോലും അറിയാൻ ശക്തിയില്ലാത്ത ആ ഉദ്യോഗപ്രവീണന്റെ ആനന്ദം! ഓമനേ എന്തുവേണമെങ്കിലും ക്ഷമിച്ചിരിക്കുന്നു. "ഞാൻ പാപകി! വഞ്ചകി!" എന്നെല്ലാം വീണ്ടുംവീണ്ടും അവൾ ഉച്ചരിച്ചു. "എന്തുണ്ടാമെങ്കിലും, പശ്ചാത്താപം പ്രായശ്ചിത്തം തന്നെ ഓർത്താലു" ഞാൻ സർവ്വവും ക്ഷമിക്കാം. "അല്ലെങ്കിൽ എനിക്കു ക്ഷമിക്കാനെന്തു്?"

* * * * *

വീരേന്ദ്രൻ പുറത്തുവന്നു, അയാളെ ആദ്യമായി ആലിംഗനം ചെയ്തു് അയാളുടെ വീരോചിതമായ വൃത്തിയിൽ സ്തുതിക്കാനുണ്ടായിരുന്നതു് ലോകത്തിലെ ഏററവും വലിയ 'സാധു' ആയിരുന്നു. അയാൾ—ആ കൊലപാതകിയായ യുവാവിനെ സാധുസംഘത്തിൽ ഇന്നു നാം കാണുന്നില്ലേ?

മഷിവ്യവസായം.

ടാനിയൻ മഷികൾ.

[മഷി ഉണ്ടാക്കേണ്ടതിനുള്ള പലപല നല്ല സിദ്ധസമ്പ്രദായങ്ങളും ഇതിന്നടിയിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട്. അവയിൽ ഏറിയകൂറും നല്ലപോലെ പരിശോധിച്ച് അനുഭവം വരുത്തിയവയാകുന്നു. അതിനാൽ ഈ മാർഗ്ഗത്തിൽകൂടെ പോയി വല്ലവൎക്കും ശരിയായ അനുഭവം കിട്ടാതിരുന്നാൽ അതിന്റെ കാരണം അതിൽ ഉപയോഗിച്ച സാമാനങ്ങളുടെ ഗുണക്കുറവോ പ്രവൃത്തിയിലുള്ള സാമൎത്ഥ്യക്കുറവോ അല്ലെങ്കിൽ പരിചയക്കുറവോ മറ്റോ ആയിരിക്കുവാനേ തരമുള്ളു.]

ഗാലിക്കാമ്ലമഷി അല്ലെങ്കിൽ ഗാൾമഷി.

ഇതിൽ കറുപ്പുമഷിയിലും നീലക്കറുപ്പുമഷിയും ഉൾപ്പെടും.

1. സ്റ്റീഫൻസ് നീലക്കറുപ്പുമഷി—

സുപ്രസിദ്ധമായ ഈ മഷി ഈ ജാതിയിൽ ഉൾപ്പെട്ടതാണ്. ഇതിനെ പലരും രസതന്ത്രദൃഷ്ട്യാ പരിശോധിച്ച് നോക്കുക ഉണ്ടായിട്ടുണ്ട്. ആവക പരീക്ഷണങ്ങളിൽ നിന്ന് അതിൽ താഴെ പറയുന്നവ അടങ്ങിയിരിക്കുന്നതായി കണ്ടിരിക്കുന്നു.

ഗാൾപൊടി—15-ഭാഗം

ഇരിമ്പുലവണം—തുരിശ്ശ്-5 ഭാഗം.

ഇരുമ്പുരാകിയപൊടി—4 ഭാഗം.

(ഇതിൽ കരടും പൊടിയും ഉണ്ടാകരുത്.)

ശുദ്ധമായ അമരിനീലം—½ ഭാഗം.

(നിൎമ്മിതനീലം നന്നല്ല.)

ഗന്ധകാമ്ലം—3 ഭാഗം.

(സ്പ. ഗ്രാ. 1. 84. ആയിരിക്കണം.)

വെള്ളം—200 ഭാഗം.

ഉണ്ടാക്കുന്ന സമ്പ്രദായം—ഇതെല്ലാം തൂക്കിവേണം എടുക്കുവാൻ. വെള്ളം ആവിവെള്ളമായിരിക്കണം. (ഇതിൽ വെള്ളം എന്ന് പറഞ്ഞു കാണുന്നേടത്തെല്ലാം ആവിയാക്കി വാററിയെടുത്ത വെള്ളംതന്നെ ഉപയോഗിക്കേണ്ടതാകുന്നു.)

ആദ്യമായി ഗാൾപൊടി വെള്ളത്തിലിട്ടു തിളപ്പിക്കുക. ഇതിലേയ്ക്കു വെള്ളം അധികഭാഗവും ഉപയോഗിക്കാം. നല്ലവണ്ണം തിളപ്പിച്ചതിനുശേഷം ആ ഗാൾ കഷായം നല്ലപോലെ അരിച്ചെടുക്കണം. ബാക്കിവെള്ളത്തിൽ ഇരുമ്പു ഗന്ധകത്തോടു ചേർന്നുണ്ടായ ലവണവും(അതായതു തുരിശു്)ഗന്ധകാമ്ലത്തിൽ നീലവും പ്രത്യേകം പ്രത്യേകം അലിക്കണം. പിന്നെ നീലം കലക്കിയ അമ്ലം തുരിശുദ്രാവകത്തോടു ചേർക്കാം. ഇതിൽ പിന്നെ ഇരുമ്പിന്റെ രാക്കപൊടിയും ഇടാം. അമ്ലം അധികമുണ്ടെങ്കിൽ അതിനെ സാമ്യപ്പെടുത്തുവാനാണു് ഇരുമ്പുപൊടി ചേർക്കുന്നതു്. ഇതിനെ ഒരാഴ്ചയൊ അതിലധികമൊ കാലംവെച്ചു് പഴക്കിയശേഷം നല്ലപോലെ അരിച്ചെടുത്തുകൊള്ളുക. ഇതിനോടുകൂടി ആദ്യം തയാർചെയ്ത ഗാൾകഷായം ചേർത്തുകൊണ്ടാൽ മഷി തയാറായിക്കഴിഞ്ഞു. തിളപ്പിയ്ക്കുന്നതിന് ഇരുമ്പുപാത്രമോ ചെമ്പുപാത്രമോ ഉപയോഗിക്കേണ്ടതാകുന്നു. അടച്ചു് തിളപ്പിക്കുന്നതായാൽ അധികം നന്നായിരിക്കും.

2. കറുത്ത വ്യാപാരമഷി.

അലിപ്പോഗാൾപൊടി 4 റാത്തൽ
ചായവൃക്ഷത്തടി 2-റാത്തൽ.
വെള്ളം 4 ഗ്യാലൻ.
തുരിശു് 40 ഔൺസ്.
അറബിപ്പശ 20 ഔൺസ്.
ഗ്ലീസരിൻ 4 ഔൺസ്.
ചതച്ചകരയാംപൂ 6 ഔൺസ്.

ചായവൃക്ഷത്തടി ചെറുതായി തറക്കണം. ഗാൾപൊടിയും ഈ തറച്ച തടിയും തിളച്ച വെള്ളത്തിലിട്ടു് നാലഞ്ചുമണിക്കൂറുകൾ നേരം നല്ലപോലെ തിളപ്പിക്കുക. പിന്നെ ചൂടാറുന്നതിന് മുമ്പായിത്തന്നെ നല്ലപോലെ അരിച്ചു് അതിൽ തുത്തും അറബിപ്പശയും ഗ്ലീസരിനും കരയാംപൂവും ചേർക്കണം. ഇങ്ങിനെ ചേർത്തതിനെ ഒരുമാസം കാലത്തേക്കു് സൂക്ഷിക്കേണ്ടതാകുന്നു. ഈ കാലത്തു് ഇടയ്ക്കിടയ്ക്കു് ഇളക്കിക്കൊണ്ടിരിക്കണം. ഒരുമാസം കഴിഞ്ഞതിനുശേഷം അരിക്കാം. ഈ മഷി വളരെക്കാലം കേടുവരാതിരിക്കുന്നതും ഇരിക്കുന്നേടത്തോളം ഗുണം കൂടിവരുന്നതും ആകുന്നു. ഇതു് എനാമൽപാത്രത്തിൽ വേണം ഉണ്ടാക്കുവാൻ.

3. നീലക്കറുപ്പുമഷി.

ചതച്ചഗാൾ 6 ഔൺസ്.

പുതിയതുത്തുത്ത് 2 ഔൺസ്.
അറബിപശപ്പൊടി 2 ഔൺസ്.
ചുറുക്ക (മിനാവരി) 2 ഔൺസ്.
ഇൻഡിഗൊകാർമയിൻ-Neuteal.

ഇത് ഒരു ഇളം നീലനിറം ഉണ്ടാക്കേണ്ടതിന്ന് ആവശ്യമുള്ളേടത്തോളം മാത്രം മതി.

ഇതെല്ലാംചേർത്ത് ഒരു കൽകുപ്പിയിൽ അരക്കിവെക്കണം. ഇടക്കിടയ്ക്ക് ഇളക്കികൊണ്ടും ഇരിക്കണം, ഈ നിലയിൽ മൂന്നാഴ്ചകാലം വെച്ചേച്ചാൽ മതി. പിന്നെ ഊററി എടുത്ത് അരിക്കാം. ഈ ജാതി മഷിയെയാണ് "റൈററിങ്ങ് പ്ളൂയിഡ്" എന്ന് പറയുന്നത്.

4. നീലക്കറുപ്പുമഷി (മറെറാരുതരം.)

നീലനിറത്തിലുള്ള അലിപ്പൊഗാം 16 ഔൺസ്.
ചതച്ചകരയാമ്പൂ 1 ഔൺസ്.
വാററുവെള്ളം 8 പൈൻറ്.
തുത്ത് 6 ഔൺസ്.
ഇൻഡിഗൊകാർമയിൽ 160 ഗ്രെൻ. (Neatral)

ഗാം ഒരു കല്ലുരലിലിട്ട് ചതയ്ക്കണം. ആവിയാക്കി വാററിയെടുത്ത വെള്ളം ശുദ്ധമായിരിക്കുന്നതുകൊണ്ടാണ് വാററുവെള്ളംതന്നെ വേണമെന്ന നിർബന്ധം. ഈ വെള്ളം തണുത്തിരിക്കേണ്ടതാകുന്നു. ഒരു മാസംകാലം ഗാളും കരയാംപൂവുംകൂടി വെള്ളത്തിൽ ഇട്ടുവയ്ക്കണം. ഈ കാലത്ത് ഇടയ്ക്കിടയ്ക്ക് ഇളക്കിക്കൊണ്ടിരിക്കേണ്ടതാകുന്നു. ഒരുമാസത്തിനുശേഷം നല്ലപോലെ തിരുമ്മിപ്പിഴിഞ്ഞ് അരിച്ചെടുക്കാം. പിന്നെ തുത്തും നീലവും ചേർത്താൽമതി. ഇങ്ങിനെ തയാർചെയ്തതിനുശേഷം ഒരുമാസമെങ്കിലും സൂക്ഷിച്ചുവച്ചതിന്നശേഷം വേണം ഉപയോഗിച്ചുതുടങ്ങുവാൻ. സൂക്ഷിക്കുന്നകാലത്ത് ഇടയ്ക്കിടയ്ക്ക് ഇളക്കിക്കൊണ്ടിരിക്കുന്നത് അത്യാവശ്യം

ഗാലൊടാനിക്ക്മഷി,

5. അമേരിക്കൻമഷി.

അമേരിക്കയിലെ ഐക്യനാടുകളിൽ ഉൾപ്പെട്ട മസാച്ചുസെററസ് എന്ന സ്റ്റേററിൽ ഗവമ്മേണ്ട് ഉപയോഗപ്പെട്ടുത്തിവരുന്ന മഷിയിൽ താഴെ കാണുന്നവ അടങ്ങിയിരിക്കുന്നു:—

ഗാലൊടാനിക്കാമ്ലം 23. 4
ഗാലിക്ക് അമ്ലം 7. 7 ഭാഗം.

തുരിശ് 30 ഭാഗം

അറബിപ്പശ 25 ഭാഗം.

ഹൈഡ്രോക്ലോറിക്കാമ്ലം 25 ഭാഗം.

ഫിനോൽ 1 ഭാഗം.

വെള്ളം 1000 ഭാഗം.

എല്ലാം തൂക്കിയെടുക്കണം.

ഉണ്ടാക്കുന്ന സമ്പ്രദായം—ഗാലൊടാനിക്കാമ്ലം നനവില്ലാത്തതായും, ഗാലിക്കാമ്ളം തരിയായും, ഹൈഡ്രോക്ലോറിക്കാമ്ളം ഒരു ഭാഗത്തിന് എട്ടുഭാഗംകണ്ടു് വെള്ളംചേൎത്തു് നേൎപ്പിച്ചതായും ഇരിക്കണം. ഫിനോലിനുപകരം കാർബോളിക്ക് അമ്ലമായാലും മതി. ഇവയെല്ലാം വെള്ളത്തിൽ ദ്രവിപ്പിക്കുകയേ വേണ്ടു.

6. മറെറാരുതരം.

ഡയാററിച്ച് എന്ന പ്രസിദ്ധരസതന്ത്രശാസ്ത്രജ്ഞൻ ശുപാർശ ചെയ്യുന്ന മഷിയാണിതു്—

ടാനിയൽ 60 ഗ്രാം.

വെള്ളം 940 സി. സി.

ഫെറസ്ക്ലോറൈഡ്.

സൊലൂഷൻ 40 ഗ്രാം.

ഗന്ധകാമ്ളം 1 ഗ്രാം.

പഞ്ചസാര 30 ഗ്രാം.

ചായം 10 ഗ്രാം.

ഇരുമ്പും ക്ലോറിനും ചേൎന്നുള്ള സൊലൂഷൻ 10 ശതമാനം കൂട്ടിയുള്ളതായാൽ മതി. (10%solution)

520 സി.സി.വെള്ളം അളന്നെടുത്തു് അതിൽ ആദ്യമായി ടാനിയൽ അലിച്ചുചേൎക്കണം. ഇരുമ്പു ദ്രാവകവും ഗന്ധകാമ്ലവും കൂട്ടിച്ചേൎത്തു് അതിനെ ബാക്കിയുള്ള 400 സി.സി.വെള്ളത്തിൽ ചേൎക്കാം. അതിന്നു ശേഷം രണ്ടും കൂട്ടിച്ചേൎത്തു് പതിനഞ്ചു് മിനിട്ടുനേരം തിളപ്പിക്കാം. ഇതിൽ അണു് പഞ്ചസാരയും ചായവും ചേൎക്കേണ്ടതു്. ചായം അ നിലയിൽ വാട്ടർ ബ്ളൂ 1 ബി("Aniline water Blue 1 B")ആണു്.

ഈ മഷി പേനയിൽ കൂടെ സുഖമായി ഒഴുകുന്നതാകുന്നു. ആദ്യത്തിൽ നിറം നല്ല നീലയായിരിക്കുമെങ്കിലും ഉണങ്ങുമ്പോൾ നല്ല നീലക്കറുപ്പായി മാറുന്നതാകുന്നു.

മീററിക്ക് സമ്പ്രദായപ്രകാരമുള്ള തൂക്കമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. മീററിക്ക് തൂക്കങ്ങൾ ഇല്ലാത്തവർ അതിനെ ഇമ്പീരിയൽ സമ്പ്രദായത്തിലേയ്ക്കു മാററികണക്കാക്കേണ്ടതാണ്.

ഒരു ഗ്രാം = 15 ½ ഗ്രെയിൻ

ഒരു സി.സി. = 17 മിനം.

ചാത്തുക്കുട്ടി വൈദ്യരുടെ

വിഷൂചികാസംഹാരി.

(പിൽകൊ) (Cholera Specific)

എന്ന നടപ്പുദീനത്തിനുള്ള സിദ്ധൌഷധം. ചുരുങ്ങിയതു രണ്ടു ജീവനെ രക്ഷിപ്പാൻ മതിയായ ഒരു ഡപ്പിക്ക് വില 1 ക. മാത്രം.

ഉഷ്ണരോഗനാശനതൈലം.

ഉഷ്ണപ്പുണ്ണ്; അസ്ഥിസ്രാവം, കടിക്കുരു, ശുക്ലസ്രാവം മുതലായ എല്ലാതരം ഉഷ്ണരോഗങ്ങൾക്കും കൈകണ്ട ഒരു മരുന്ന്. 8 ഔൺസ് അടങ്ങിയ ഒരു കുപ്പിക്കു വില 2 ക. 8 ണ. മാത്രം.

കൂടാതെ എല്ലാവിധ ഔഷധങ്ങളും എത്രയും വിശേഷപ്പെട്ട രീതിയിൽ ഇവിടെ വില്പാൻ തയ്യാറുണ്ട്. ആവശ്യപ്പെട്ടെഴുതിയാൽ വിലവിവരപ്പട്ടിക വിലകൂടാതെ അയച്ചുകൊടുക്കുന്നതാണ്. ആവശ്യപ്പെടേണ്ടും മേൽവിലാസം:—

ഡോക്ടർ, കെ. വി. കൃഷ്ണൻ,

ധർമ്മവൈദ്യശാല, കല്ലായി—മലബാർ.

or

ബാൽസി. കമ്പനി, മരുന്നുഷാപ്പ്, കോഴിക്കോട്.

* കാമുകാലാപം.

(പരവൂർ, പി. ഗോവിന്ദപ്പിള്ള)

(പാന.)

ഓമനേ! പ്രേമധാമമേ! സൽഗുണാ-
കാരമേ! നിൻ വിയോഗാലഹം സദാ
മാഴ്കിടുന്നു ദിനമനു; ക്ലാന്തത-
യേന്തിടുന്നു തന്മൂലം കളേബരം.
മന്ദനായ് ഭവിക്കുന്നു ഞാനേകനായ്-
സുന്ദരി! യത്ര വാഴ്ക ഹേതുവായ്
വ്യഗ്രനൊട്ടെഴൽസൗഖ്യമാർന്നു മൽസന്നിധൌ
വന്നുമാം ശാന്തനാക്കിയാലും ശുഭേ!
സ്വൈരമായ് ക്രീഡചെയ്തു നാമെത്രയോ
വാരങ്ങൾ കഴിച്ചാതങ്കഹീനരായ്
ഇന്നിതാ രാഹുഗ്രസ്തനാമേണാങ്ക-
സന്നിഭം ഹതതേജസ്വിയായി ഞാൻ.

താവകാഭാവഹേതുവാലന്ധനായ്
പാവപോലസ്തബോധവാനായഹം
ഇസ്ഥലരമണീയതമാകെയ-
നർത്ഥമെന്നോർത്തവഹേളിപ്പൂ!
നിത്യവും മതി താരങ്ങളെന്നിവ-
യത്യന്തം തപിപ്പിപ്പൂ മന്മാനസം.

തിങ്കൾനേർമുഖി! നിന്മുഖപങ്കജേ-
തങ്കിടും മധുവുണ്ണുവതിന്നിനി
ശക്യമല്ലായ്കിൽ നിന്നെ ഹരിച്ചവി-
തർക്കിതം മാമകാലയേ വെയ്ക്കുവേൻ.
സുന്ദരഗാത്രിയാളേ! നീയേകദാ-
യെന്നെ വേർപെട്ടുപോകാം ദശാന്തരേ
കണ്ടു മന്മനോദർപ്പണേ നിന്മുഖ-
കഞ്ജമാലേഖ്യരൂപിണിയെന്നപോൽ!

---

* "പരവൂർ യുവജനസാഹിത്യസമാജ"ത്തിൽ വായിച്ചതു്.

അർദ്ധചന്ദ്രസദൃശമാം ഫാലേ സം-
വർദ്ധിത ദ്യുതിയേലുമളകവും,
മട്ടലർബാണചാപത്തിനുമഴ-
ലൊട്ടു നൽകുമാസ്സുഭ്രൂലതകളും,
ഏണനേർ മിഴിയെള്ളിൻ പൂമസമം
ചേണിയന്നതാം നാസികയുമഥ,
ഹാ! മനോജ്ഞതപേറുമധരവും
കോമളഗണ്ഡമാദിയാം, മോമലേ!

എന്തിനേവം പ്രലപനം ചെയ്‌വു ഞാൻ
ചിന്തിതമെന്നുമാക്കാലഭ്യമാം
ബന്ധുരാധരേ! അസ്മൽ പ്രതിജ്ഞ നീ
ചിന്തനം ചെയ്കിലാശ്വാസമായി മേ.

———— :*: ————

* ചിന്താശകലങ്ങൾ.

(എം.കെ.)

പരമമായ പ്രേമം വർദ്ധിക്കുമ്പോൾ വികാരം ക്ഷയിക്കുന്നു.

* * *

ആത്മീയജീവിതമാകുന്ന രഥത്തെ നയിക്കുന്ന പക്ഷി, അഹങ്കാരവും ദ്വേഷവുമാകുന്ന ഭീകരഗൃദ്ധ്രമല്ല; എന്നാൽ പ്രേമവും ശാന്തിയുമാകുന്ന ഓമന പ്രാവാണു്.

* * *

നീ സ്വാർത്ഥചിന്ത വെടിയുന്നിടത്തോളമേ നിന്റെ മനസ്സുശാന്തി അടയൂ. സ്നേഹപൂർവ്വം സേവനംചെയ്യു. എന്നാൽ ന സ്വതന്ത്രനാകും.

* * *

സ്വർഗ്ഗരാജ്യം അവർക്കുള്ളതാണു്; ശിശുഹൃദയത്തോടുകൂടി നവജീവനമുണ്ടാകുന്നവർക്കു്

* * *

മതം സംസ്കാരമാകുന്നു; ആത്മാവിന്റെ സംസ്കാരം; ശരീരത്തിന്റെ സംസ്കാരം; പ്രേമം—അതത്രേ സംസ്കാരത്തിന്റെ നിയമം.

---

* വാസ്വാനി New Deun എന്നമാസികയിൽ എഴുതുന്നതു്.

പ്രേമം ശരീരത്തെ സുന്ദരമാക്കുന്നു. പ്രേമം അഹിംസാശക്തിയെ സ്വതന്ത്രമാക്കുന്നു. പരിശുദ്ധപ്രേമത്തിൽ വിജയം പ്രാപിക്കുക എന്നതു ദൈവീകജീവിതത്തിൻെറ വൃദ്ധിയാണ്.

* * *

പ്രാചീന ഋഷികളുടേയും ആചാര്യന്മാരുടേയും അനന്തരാവകാശികളാണ് നിങ്ങൾ; എന്നാൽ അലസമായ പൂർവകാലധ്യാനം നിങ്ങളുടേതല്ലാ കേവലം മിഥ്യയാകുന്ന ആത്മസംതൃപ്തിയും നിങ്ങൾക്കുള്ളതല്ല; മാതൃഭൂമിയുടെ പാദശുശ്രൂഷയും മനുഷ്യസമുദായത്തിൻെറ ഹിത സേവയുമാണ് നിങ്ങളെ നിങ്ങളാക്കുന്നത്.

---

* എൻെറ മാതൃഭൂമി.

(കീഴില്ലം എം. കെ. ശങ്കരപ്പിള്ള)

എൻെറ മാതൃഭൂമി! എൻെറ മാതൃഭൂമി! പരതന്ത്രതയിലും പരവശതയിലും അവൾ കഴിയുന്നു. അവളുടെ ബന്ധനം എന്നു മോചിക്കപ്പെടും? അവൾ എന്നു സ്വതന്ത്രയാകും?

പക്ഷികൾ ഇന്നും ഗാനാലാപം ചെയ്യുന്നു;
ഭാരതത്തിലെ ബഹുലക്ഷങ്ങൾ ഇന്നും അസ്വതന്ത്രർ.
അവർക്കു ഈശ്വരൻ ഒരു സന്ദേശം നൽകി—ഒരു ഗാനം;
റോമും ഗ്രീസ്സും ആലപിച്ചിട്ടില്ലാത്ത മനോഹരഗാനം.
എന്നാൽ ഈശ്വരദത്തമായ ആ ഗാനം ആലപിക്കാൻ ഇൻഡ്യയ്ക്കു കഴിവില്ല;
അവളുടെ സന്താനകോടികൾ സ്വതന്ത്രരാകുംവരെ.
ഇപ്പോഴും ഞാൻ വിശ്വസിക്കുന്നു; സർവവും നഷ്ടപ്പെട്ടിട്ടില്ലെന്ന്.
എന്തെന്നാൽ ഭാരതത്തിൽ ഇന്നും പുരാതനകാലത്തെപ്പോലെ അനുഗ്രഹീതരുണ്ട്;

---

* ററി. എൽ. വാസ്വാനി അവർകളുടെ My Mather Land ൻെറ പരിഭാഷ.